MR. T. K. NARAYANA PILLAI: Are they entitled to send individual representations ?

PRESIDENT: Honourable member may realise that, as far as I am concerned, at present, there is nothing to prevent them from organising themselves into associations for the purpose of safeguarding their interests as is being done in British India and elsewhere. For instance there was a doubt held in England as to whether those men in the English Secretariat could organise themselves into a union and that matter was discussed recently. So far as I can see subject to what my legal officers might say, there is nothing to prevent any subordinate from organising themselves into associations for safeguarding their interests. That has been done all over, and there are the Secretariat Association, the Non-Gazetted Officers' Association, the Pensioners' Association etc.

MR. K. A. MATHEW: The impression here is that they cannot organise themselves into associations.

PRESIDENT: The Secretariat Association is an evidence to this and it has made a representation.

It would be far better if Departmental employees can join together and think and decide on matter of vital importance. And if they would then refer the matter to Government they would have a background for a certain amount of discussion and deliberation.

MR. GEORGE MATHEW: I have not had any representation on the matter.

PRESIDENT: I am perfectly willing to allow them whether in the case of Postal employees or anybody else, to form themselves into organisations to put forward their claims and reasons. But, otherwise, what happens is that some political party starts. There are general strikes. There is somebody to hold up their right, for example, there is the Communist Party. Members make revolutionary speeches.

They are perfectly within their right. That has been the programme and policy of the Communist Party and that has been reasserted both in Russia and Paris. As has been announced in a meeting held the other day at Paris, the aim of the Communist Party is 'thousand strikes a day'. They want to revolutionise so that a new world may come into existence. I am merely mentioning it for the information of the House. Otherwise it will lead to a very embarrassing situation.

ADJOURNMENT MOTION.

MR. G. PARAMESWARAN PILLAI: Sir,

"I move that the business of the House be adjourned for the day to discuss a matter of urgent public importance, viz., the grave situation that has arisen out of the recent order of the Textile Commissioner regarding the retail distribution of textiles in the City and suburbs".

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ പ്രമേയത്തിനു ഹേതുഭൂതമായ ടെക്സ്റ്റയൽ കമ്മീഷണരുടെ ഒരു നോട്ടിഫിക്കേഷനിലേക്ക് ഈ സഭയുടെ ശ്രദ്ധയെ ഞാൻ ആദ്യമായി ക്ഷണിച്ചുകൊള്ളുന്നു.

ഫുഡ് കൺട്രോളർ ഫർണാണ്ടസ്- തിരുവനന്തപുരത്തുനിന്നും പുറപ്പെടുന്ന കേരളകൗമുദി എന്നപ്രതിദിനപത്രത്തിൽ, എൻ. ജി. പെരേര- ടെക്സ്റ്റയിൽ കമ്മീഷണർ-എന്ന പേരുവച്ചു ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിൽ റേഷൻ കാർഡ് കാണിക്കുന്നവർക്ക് ഒരു യൂണിറിന് മൂന്നിടങ്ങളിൽ വാര എന്ന ക്രമത്തിൽ തുണി വിതരണം നടത്താൻ കച്ചവടക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്" എന്ന വാചകവും, "കൈവശമുള്ള തുണിത്തരങ്ങൾ എല്ലാം എല്ലാവർക്കും കിട്ടത്തക്കവണ്ണം ശരിയായി വിതരണം നടത്തണമെന്നു കച്ചവടക്കാരോടു നിർദ്ദേശിച്ചിട്ടുണ്ട്" എന്ന വാചകവും, "ഇവർക്ക് ഇനിയും കല്ല്യാണത്തിനോ, മറ്റു വല്ല പ്രധാന കാരണത്തിനുമോ അല്ലാതെ സ്പെഷ്യൽ ചിറ്റുകൾ കൊടുക്കേണ്ട ആവശ്യം ഉണ്ടാകുകയില്ലെന്നു പ്രതീക്ഷിക്കുന്നു" എന്ന വാചകവും ആണ് ഈ പ്രമേയത്തിനു കാരണമായിത്തീർന്നിട്ടുള്ളതു.

സർ, ഈ നാട്ടിൽ ക്ഷീണ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനു റേഷൻ കാർഡുകൾ കൊടുത്തിരിക്കുന്നതു പ്രായപൂർത്തിയാകാത്തവർക്ക് ഒരു യൂണിറും, പ്രായപൂർത്തിയുള്ള ഒരംഗത്തിനു രണ്ടു യൂണിറും എന്ന നിരക്കനുസരിച്ചാണ്. എന്നാൽ ടെക്സ്റ്റയിൽ കമ്മീഷണരുടെ ഇപ്പോഴത്തെ നോട്ടിഫിക്കേഷന്റെ നിർദ്ദേശപ്രകാരം ഒരു കച്ചവടക്കാരന്റെ പക്കൽനിന്നു പ്രായപൂർത്തിയുള്ള ഒരാൾക്കു കിട്ടാവുന്നതു വർ ഇഞ്ചു തുണിയാണ്. ഇതു പ്രായപൂർത്തിയായ ഒരംഗത്തിനു എത്രമാത്രം ഉപകരിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൂടാതെ എല്ലാ തുണിത്തരങ്ങളും എല്ലാവർക്കും കിട്ടത്തക്കവണ്ണം ശരിയായി വിതരണം ചെയ്യണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ടെന്നുള്ള വാചകമനുസരിച്ചു ഒരു കച്ചവടക്കാരന്റെ അടുക്കൽ തുണി വാങ്ങുവൻപോകുന്ന ഒരു സാധാരണ ആൾക്ക് ആ കടയിൽ നാലുതരം തുണിയുള്ളപക്ഷം ആ നാലുതരത്തിലുമുള്ള തുണിയായിരിക്കും വിതരണം ചെയ്യപ്പെടുന്നതു്. അതിനാൽ ഈ തീരുമാനം എത്രയും യുക്തിഹീനമായിട്ടുള്ളതാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ വർ ഇഞ്ചു തുണി ഒരു മനുഷ്യന്റെ യാതൊരാവശ്യത്തിനും പര്യാപ്തമല്ലെന്നു സാമാന്യബുദ്ധിയുള്ളവർക്കു മനസ്സിലാക്കാമെന്നിരിക്കേ, വിവാഹാവശ്യത്തിനോ മറ്റു വല്ല പ്രധാന കാരണത്തിനുമോ മാത്രമെ സ്പെഷ്യൽ ചിറ്റു ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Parameswaran Pillai.]

മായി വരികയുള്ള എന്നുള്ള പ്രസ്താവനക്ക് യാതൊരു അർത്ഥവും കാണുന്നില്ല.

MEMBERS SWORN.

PRESIDENT: Will the honourable house allow some interruption? I think it is better that Mr. Peraera is nominated a member of the House.

MR. L. G. PERAERA (*Textile Commissioner*): Took the oath and signed the Rolls

MR. G. PARAMESWARAN PILLAI: സർ, ഈ ക്ഷാമം ഇങ്ങു തുണി ഒരു മനുഷ്യന്റെ സാമാന്യമായ യാതൊരാവശ്യത്തിനും പറ്റുന്നതായിവരികയില്ലെന്നുള്ളതു് പരമാർത്ഥമായിരിക്കേ, കല്പ്രാണത്തിനും മറ്റുപോലെയുള്ള പ്രധാന ആവശ്യങ്ങൾക്കുമല്ലാതെ തുണിവാങ്ങുവാൻ സ്പെഷ്യൽ പിറവു കൊടുക്കുകയില്ല എന്ന തീരുമാനിച്ച ഈ പരസ്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ പരസ്യംമൂലം തിരുവിതാംകൂർ ടെക്സ്റ്റയിൽ കമ്മിഷണർ അനുവർത്തിക്കുന്ന നയം പൊതുജനങ്ങളുടെ സൗകര്യത്തെ ആസ്പദമാക്കിയാണെന്നു പറയുവാൻ നിവൃത്തിയില്ല. ടെക്സ്റ്റയിൽ കമ്മീഷണരെ ഉപദേശിക്കുന്നതിനായി ഒരു ഉപദേശകസമിതിയുണ്ടു്. വിതരണത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും വ്യത്യാസം വരുത്തണമെങ്കിൽ ആ സമിതിയോടു ന്യായമായി ആലോചിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ കമ്മീഷണർ അതു ചെയ്തിട്ടില്ലെന്നാണു് എന്റെ വിശ്വാസം. ആ നിലക്കും, വിതരണവിഷയത്തിൽ കമ്മീഷണർ സ്വീകരിച്ചിട്ടുള്ള ഈ നടപടി തീരെ ശരിയല്ലെന്നുപറയേണ്ടതായിരിക്കുന്നു. ഒരുപക്ഷേ ഇപ്പോൾ വിതരണത്തിന് ഈ നാട്ടിലേക്ക് കിട്ടിയിട്ടുള്ള തുണി വളരെ കുറവാണെന്നും, അതിനാൽ തൽക്കാലം ഈ വിധത്തിൽ വിതരണം ചെയ്യുവാനാണു് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നും പറഞ്ഞാൽപ്പോലും എന്റെ അറിവനുസരിച്ചു നമ്മുടെ ലക്ഷം രൂപായുടെ ജവുളിത്തരങ്ങൾ ഇപ്പോൾ തിരുവിതാംകൂറിൽ ഇരിപ്പുണ്ടെന്നും അതു് വിതരണംചെയ്യാൻ അനുവാദം കൊടുക്കേണ്ട കമ്മീഷണരുടെ മുൻ പറഞ്ഞ വിധത്തിലുള്ള ഒഴികഴിവു സാധൂകരിക്കത്തക്കതല്ലെന്നുമാണു് എനിക്കു് ഈ ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാനുള്ളതു്.

ഇപ്രകാരം സംകുചിതമായ അളവിൽ വിതരണം നടത്താൻ കച്ചവടക്കാർക്കു നിർദ്ദേശം കൊടുക്കേണ്ട ആവശ്യം ഇപ്പോഴത്തിനു ഇല്ലായിരുന്നു എന്നും ഇപ്പോഴത്തെ കുറവു പരിഹരിക്കത്തക്കവണ്ണം കുറെ തുണി

LIBRARY ARCHIVES Kerala Legislative Assembly

കൂടി വിതരണം ചെയ്യുവാൻ വ്യവസ്ഥചെയ്യാമെന്നുള്ളതാണ് ഞാൻ പറയുന്നത്. ഇതിനു മുമ്പു നടന്നിരുന്ന വിതരണം ഒരു യൂണിറ്റിനു ഒരു വാരയിൽ കുറയാതെയും മൂന്നു വാരയിൽ കൂടാതെയും എന്ന ക്രമത്തിലായിരുന്നു. ഈ അടിസ്ഥാനത്തിലുള്ള വിതരണംമൂലം സാമാന്യേന ഒരാൾക്കു ഉടുക്കുവാനുള്ള ഒരു മുണ്ടും ഒരു ഉടുപ്പിനുള്ള തുണിയും ലഭിക്കുമായിരുന്നു. അതിനെ പൊടുന്നനവെ നിറുത്തിയിട്ടു ഒര് ഇഞ്ചു തുണി മാത്രമെ ഒരാൾക്കു കൊടുക്കുകയുള്ളു എന്ന രീതിയിലാക്കിയതു വളരെ അനാശാസ്യമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. വിതരണത്തിൽ മുമ്പു നടന്നുവന്ന രീതിയിൽ വ്യത്യാസം വരുത്തണമെന്നുള്ള ടെക്സ്റ്റയിൽ കമ്മീഷണർ നിശ്ചയിക്കുന്നപക്ഷം ഭക്ഷണസാധനങ്ങൾക്കു ഇപ്പോൾ കൊടുത്തിട്ടുള്ളതുപോലെ ടെക്സ്റ്റയിൽസിനും റേഷൻകാർഡുകൾ കൊടുക്കുകയും കാർഡുടമസ്ഥന്റെ നിലയനുസരിച്ചു കോട്ടാ സ്ഥിരപ്പെടുത്തുകയും അതു് നടപ്പിൽ വരുന്നതുവരെ മുമ്പു നടന്നതുപോലെ നടക്കട്ടെ എന്നു വിചാരിക്കയും ചെയ്താൽ മതിയായിരുന്നു. അല്ലാതെ സാമാന്യക്കണക്കുപോലും ശരിയല്ലെന്നു തോന്നത്തക്കവണ്ണം ഈ മാതിരി ഒരു പരസ്യം ചെയ്യുകയും വിതരണത്തിൽ മാത്രം പൊടുന്നനവേ ഒരു വ്യത്യിയാനം വരുത്തുകയും ചെയ്തതു ആശാസ്യമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. അതിനാൽ ഈ പരസ്യമനുസരിച്ചു നടത്തുവാനുദ്ദേശിക്കുന്ന വിതരണസംപ്രദായം ഉടൻ നിർത്തുന്നതിനും നടന്നുവരുന്ന രീതിയിലോ, അല്ലെങ്കിൽ മറ്റേതെങ്കിലുംവിധത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കത്തക്കവിധമോ ആയിരിക്കത്തക്കവണ്ണം വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനുംവേണ്ടിയാണ് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനെ ഈ സഭ അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. K. A. MOHAMED : എന്റെ സ്നേഹിതൻ മി. പരമേശ്വരൻപിള്ള ഇവിടെ അവതരിപ്പിച്ചിരിക്കുന്ന adjournment motion-നെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. ഇപ്പോഴത്തെ തുണിവിതരണത്തെസംബന്ധിച്ചു യാതൊരു നിയമവും ക്ലിപ്തവും ഇല്ലെന്നു എല്ലാവർക്കും മനസ്സിലായിട്ടുള്ള ഒരു കാര്യമാണ്. ഈ വിതരണം വളരെ കുഴഞ്ഞ ഒരു രീതിയിലാണ് ഇപ്പോൾ നടക്കുന്നതെന്നുള്ള പരമാർത്ഥവും വിസ്മരിക്കുന്നില്ല. അതിനാൽ ഈ കുഴപ്പം എങ്ങിനെ പരിഹരിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ചു കഴിഞ്ഞതവണ ഈ സഭ ആലോചിച്ചു. ഓരോതാലൂക്കിലും ടെക്സ്റ്റയിൽ കമ്മിറ്റികൾ രൂപീകരിച്ചു അതുമുഖാന്തിരം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Mohamed.]

ഒരുവിധമെങ്കിലും ശരിയായി വിതരണം നടത്താൻ സാധിച്ചിട്ടുണ്ട്. ഇങ്ങിനെ ഒരു പദ്ധതി നടന്നുവരുമ്പോൾ ആണ് പെട്ടെന്നു ഇപ്രകാരം ഒരു വ്യതിയാനം ഉണ്ടാക്കിയത്. ഓരോ താലൂക്കുകമ്മിറ്റിക്കും കച്ചവടക്കാർക്കും ഇന്നയിന്ന തുണി കൊടുത്തിട്ടുണ്ടെന്നും അതു നിങ്ങളുടെ മേൽനോട്ടത്തിൽ വിതരണം ചെയ്യണമെന്നും സാധാരണ നിർദ്ദേശം കൊടുക്കാറുണ്ടായിരുന്നു. അതനുസരിച്ചു ശരിയായും ന്യായമായും കൊടുത്തിട്ടുണ്ടെന്നു ഞാൻ പറയുന്നില്ല. അതിനേക്കാൾ നല്ല ഒരു രീതി ഇല്ലാത്തിടത്തോളം കാലം നിലവിലുള്ള പദ്ധതിയനുസരിച്ചു വിതരണം നടത്തുകയാണ് ആവശ്യമായിട്ടുള്ളതു്. അതിൽ എന്തെങ്കിലും വ്യത്യാസം വരുത്തണമെങ്കിൽ സെൻട്രൽ അഡ്വൈസറി ബോർഡിന്റെ അനുമതി ലഭിച്ചിരിക്കണമെന്നാണ് വ്യവസ്ഥ. ആ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചു മാത്രമേ ഓരോ താലൂക്കുകമ്മിറ്റികളും എന്തെങ്കിലും വ്യത്യാസം വരുത്താൻ പാടുള്ളൂ എന്നും തീരുമാനിച്ചിരുന്നു. ഈ വ്യവസ്ഥ അനുസരിച്ചു താലൂക്കുകമ്മിറ്റികളെ പുനഃസംഘടിപ്പിക്കുന്നതിനു ഇപ്പോൾ ശ്രമം നടന്നുവരികയാണ്. അതിനു വേണ്ട കമ്മിറ്റി അംഗങ്ങളുടെ പേർ നിശ്ചയിക്കണമെന്നു താലൂക്കു ഉദ്യോഗസ്ഥന്മാർക്കും നിയമസഭാ അംഗങ്ങൾക്കും എഴുതിഅയച്ചിട്ടുണ്ട്. അതനുസരിച്ചു പേരുകൾ നിർദ്ദേശിക്കയും ചെയ്തു. ഇങ്ങനെ പ്രവർത്തിക്കുന്ന ഒരവസരത്തിലാണ് ഇന്നത്തെ വാദപ്രതിവാദത്തിനു ഹേതുഭൂതമായ ഉത്തരവു ഉണ്ടായതു്. എന്റെ സ്നേഹിതൻ ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ ഒരുകോടി രൂപയുടെ സ്റ്റോക്ക് ഉണ്ടെന്നു പത്രങ്ങളിൽനിന്നു കാണുന്നു. ഇതു് എന്തുകൊണ്ടു് ശരിയായി വിതരണം ചെയ്യാത്ത വലിയ കച്ചവടക്കാരുടെകയ്യിൽ ഏൽപ്പിച്ചിരിക്കുന്നു? ഇതുയും സ്റ്റോക്കുണ്ടെങ്കിൽ ഇതു എങ്ങനെ വിതരണം ചെയ്യാമെന്നു കമ്മിറ്റികളോടു ആലോചിച്ചു ശരിയായ വഴി കണ്ടുപിടിക്കാൻ സൗകര്യംകൊടുക്കാതെയിരിക്കുന്നതു് എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ശരിയായി വിതരണംനടക്കണമെന്നു ആഗ്രഹിക്കുന്നപക്ഷം ആളുകളുടെ സെൻസസ്സു് എടുത്തു് കാർഡുകൾ ഏർപ്പെടുത്തണം. അതു സാധിക്കാത്തകാലത്തോളം ശരിയായ മറ്റൊരുപദ്ധതി സ്വീകരിച്ചു മുമ്പോട്ടു പോകണമെന്നാണു് എന്റെ അഭിപ്രായം. ഇതിനെ സംബന്ധിച്ചു ഒന്നുരണ്ടു പ്രത്യേക കാര്യങ്ങൾക്കുകൂടി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. മുസ്ലീങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കാണെങ്കിൽ ശവസംസ്കാരകമ്മത്തിനു തുണിയുടെ ആവശ്യമുണ്ട്. ഈ ആവശ്യത്തിലേക്ക് ഞങ്ങൾക്ക് ഇത്ര വാര തുണി വേണമെന്ന് എല്ലാവർക്കുംഅറിയാമോ എന്നു ഞാൻ സംശയിക്കുന്നു. ശവസംസ്കാരകമ്മത്തിനായിട്ട് ഒരു മുഴംതുണി കുറഞ്ഞപക്ഷം വേണമെന്നു ഞങ്ങൾക്കു നിർബന്ധമുണ്ട്. അതില്ലാതെ ഒരാളുടെ ശവസംസ്കാരം നടത്താൻ സാദ്ധ്യമല്ല ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ, ഈ ആവശ്യം സാധിച്ചുകൊണ്ടുവരികയാണ്. ഇതിനു ആവശ്യമായ തുണി താലൂക്കു കമ്മിറ്റികാരം അനുവദിച്ചുകൊടുത്തുകൊണ്ടിരുന്നു.

PRESIDENT : I believe certain special provisions have been made in the case of Muslims. Is that not in force ?

MR. T. K. GOPALAN NAIR : Special permits are given.

PRESIDENT : I am aware that the Muslim community requires cloth of certain dimensions for certain purposes and I have passed orders accordingly.

MR. K. A. MOHAMED : സർ, അങ്ങ് ഈമാതിരി ഓർഡർ പാസ്സാക്കുന്നുണ്ടെങ്കിലും അതു ഞങ്ങൾക്കനുഭവസിദ്ധമാകുന്നില്ലെന്ന അനുഭവംകൊണ്ടു ഞാൻ പറയുമ്പോഴെങ്കിലും അങ്ങ് അതു വിശ്വസിക്കണം.

MR. T. K. GOPALAN NAIR : May I know whether the Chairmen of Taluk Committees were not issuing chits for special purposes ?

MR. K. A. MOHOMED : Not now.

PRESIDENT : Does the honourable member suggest that in any case where such dimensions were called for, they were not supplied?

MR. K. A. MOHOMED : Not one or two cases, but there are so many cases which have come to my notice.

PRESIDENT : The honourable member may give the names of one or two such persons to me.

MR. K. A. MOHAMED : കൊല്ലത്തു സംബന്ധിച്ചുതന്നെയും ഈ ആവശ്യത്തിനായി യാതൊരു വ്യവസ്ഥകളും ഇപ്പോൾ ചെയ്തിട്ടില്ല. യാതൊരു പ്രൊവിഷനും ചെയ്തിട്ടില്ലെന്നാണ് ഞാൻ അറിയുന്നതു്. അപേക്ഷകന്മാരുടെ പേരു് ഇവിടെ പറയണമെന്നു ആഗ്രഹമില്ലാതിരുന്നതുകൊണ്ടു് ഞാൻ കൊണ്ടുവന്നിട്ടില്ല. അതിന്റെ ഒരു ലിസ്റ്റുതന്നെ ഞാൻ അങ്ങേക്കു അയച്ചുതരാം. താലൂക്കുകമ്മിറ്റികാരംക്കു വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടായിരുന്നപ്പോൾ ഒന്നു രണ്ടു പ്രാവശ്യം ഈ ആവശ്യത്തിലേക്കു തുണി അനുവദിച്ചിട്ടുണ്ട്. പിന്നീടു ഈ ആവശ്യത്തിനു ടെക്സ്റ്റയിൽ ഇൻസ്പെക്ടരാണ് സ്പെഷ്യൽ പിറമിറ്റുകൊടുക്കുന്നതെന്നു അധികാരികളും പറഞ്ഞു. ഒരു ഡിവിഷനിലുള്ള ഒരു ഇൻസ്പെക്ടർ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Mohamed.]

സക്കീട്ട് പോകുമ്പോൾ ഒരു മരണം ഉണ്ടായാൽ അദ്ദേഹത്തെ കണ്ടുപിടിച്ചു തുണി വാങ്ങി സമയത്തിനു കായ്യം സാധിക്കാൻ സാധിക്കയില്ല. ഇപ്പോഴത്തെ വ്യവസ്ഥ എത്രത്തോളം പ്രായോഗികമാണെന്നു കണ്ടു തന്നെ അറിയേണ്ടതാണ്. ഇപ്രകാരമുള്ള വ്യവസ്ഥകൾകൊണ്ടു കായ്യം നടക്കുന്നില്ലെന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. കൊല്ലത്തെ ടക്സ്റ്റയിൽ ഇൻസ്പെക്ടർക്കു ഇതിനു വേണ്ട അധികാരം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞല്ലോ. ആ ഇൻസ്പക്ടരെ കണ്ടുപിടിച്ചു തുണി വാങ്ങിക്കുന്നകായ്യം വിഷമമാണ്. അദ്ദേഹം ചിലപ്പോൾ ൪൦൦ ൫൦൦ മൈൽ ദൂരെയുള്ള ഏതെങ്കിലും ഷാപ്പുകൾ പരിശോധിക്കാൻ പോയിരിക്കുമ്പോഴായിരിക്കും ഒരു മരണം നടക്കുന്നത്. ആ അവസരത്തിൽ അദ്ദേഹത്തെ കണ്ടുപിടിച്ചു തുണി വാങ്ങാൻ സാധിക്കാതെ പലർക്കും വിഷമം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഇതു എനിക്കും അനുഭവപ്പെട്ടിട്ടുള്ളതാണ്.

അതുകൊണ്ടു ഞങ്ങളെ സംബന്ധിച്ചിടത്തോളം പബ്ലിക്കർക്കു അടുത്തുള്ള ഏതെങ്കിലുംകടകളിൽത്തന്നെ മരണാവശ്യത്തിനു തുണികൊടുക്കുവാൻ വ്യവസ്ഥചെയ്യുന്നതു നന്നായിരിക്കുമെന്നാണ് എനിക്കു ഗവണ്മെന്റിന്റെശ്രദ്ധയിൽകൊണ്ടുവരുവാനുള്ളതു്. പുതിയ ടെക്സ്റ്റയിൽകമ്മീഷണർ ഇപ്പോൾചാർജ്ജെടുത്തതേയുള്ളു. ഇതിനുവേണ്ട വ്യവസ്ഥചെയ്യുന്നതിനു അദ്ദേഹത്തിനു സൗകര്യമുണ്ടായിട്ടില്ലെന്നുള്ളതു പരമാർത്ഥമാണ്. അതുകൊണ്ടു് ഇപ്പോൾ അദ്ദേഹത്തെ നിർബ്ബന്ധംചെയ്യുന്നതു അസംഗതമായിരിക്കും. പരസ്യത്തെ സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളതു് ഒരു യൂണിറ്റിനു ൧൨ ഇഞ്ചുതുണി കൊടുക്കുക എന്ന വ്യവസ്ഥ ശരിയായി നടപ്പിൽവരുത്തുകപ്രയാസമാണെന്നാണ്. കാരണം ഒരു അഡൽറ്റിനു ൨൪ ഇഞ്ചു തുണിയാണ് കിട്ടുന്നതു്. അതു് ഏതെല്ലാം ജാതിയിലായിരിക്കും കിട്ടുന്നതെന്നു നിശ്ചയിക്കാനുംനിവൃത്തിയില്ല. ന്യായമായ വിതരണംചെയ്യുന്നതിനുവേണ്ടി തിടുക്കത്തിൽ അദ്ദേഹം ഇങ്ങനെ ചെയ്തതായിരിക്കാം. ഇതിന്റെ പ്രായോഗികവൈഷമ്യങ്ങൾ കണ്ടുപിടിച്ചു വേണ്ടവിധത്തിൽ മോഡിഫൈ ചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

Mr. C.S. LEKSHMANA AIYAR *(Trivandrum City)*: With reference to the Notification which is the subject matter of the motion, I may state that the rule that 12 inches will be the maximum that is available to a person who has got a unit, may, on the face of it, look absurd. But I presume that it was the omission of a few words from the notification that has caused this misunderstanding. I believe that the rule that is obtaining elsewhere than in the town

LIBRARY ARCHIVES Kerala Legislative Assembly

of Trivandrum is that a card-holder will be entitled to a minimum of three yards. It may be that under a card, there are 20 or 25 units. In calculating the quantity of cloth that is available, the calculation will be based on the principle that a person should get one yard for three units. I think it is merely the omission of the words, "subject to the minimum of three yards," that has allowed all this apparently absurd position of giving 12 inches per unit. I say so because incidentally in the course of a conversation just after the textile committee meeting, the Commissioner mentioned to me that he was going to publish a notification to this effect and that he intended that a card holder will be getting three yards, but the calculation as to any further quantity of cloth to which he would be entitled will be at the rate of one yard for three units. When I saw the notification, I myself thought that it may give rise to considerable misapprehension to those who read it I believe that is the reason why the notification, as it stands, works out an absurdity.

RAO SAHIB A. K. BHASKER: Is the honourable member aware that a minimum quantity was recommended to be given by the Advisory Board?

MR. C. S. LEKSHMANA AIYAR: That is what I said, and I do not believe the Commissioner intended that he should go against that minimum. It was merely an omission of these words on the notification. But there are other parts in the....

MR. G. PARAMESWARAN PILLAI: ഈ നോട്ടിഫിക്കേഷൻ എഴുതിയതു് ടെക്നിക്കൽ കമ്മീഷണരാണോ, അതോ കമ്മിറ്റിയിലെ മെമ്പറന്മാരാണോ?

MR. C. S. LAKSHMANA AIYAR: ടെക്നിക്കൽ കമ്മീഷണരാണു് എഴുതിയതു്. പക്ഷെ ഇതിനെപ്പറ്റി സംസാരിക്കുമ്പോഴാണു് കിട്ടിയ അറിവിനെ ഞാൻ ഇവിടെ പറഞ്ഞുവെന്നേയുള്ളൂ.

I may also state that there are other portions of the notification which are calculated to avoid confusion and difficulty on the part of the purchasers of cloth, because a list of two or three shops has been given for each ward and house numbers in each ward stating that on each day of the week cloth will be supplied to the occupiers of houses Nos. 1 to 50, 50-100 and so on. As a matter of fact, the attention of the House was not drawn to that matter. Recently before the publication of the notice it was a case in which there were huge crowds before every ration shop and as soon as distribution began, very often police had to be called in to preserve order. It is to avoid all that, I presume, the present notification has been published and if the notification is allowed to stand with this amendment, viz, that the minimum that a card holder may receive is three yards. I do not think that there will be anything objectionable so far as the contents of the notification is concerned. We have also to remember that every adult has two units given to him, and so far as the existing cards are

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. S. Lakshmana Aiyar.]

concerned, each householder has a card covering about ten to twenty units. Therefore it is not a case in which an exceptional case of gentlemen having a card for two units that has to be considered but that in which the large majority of card holders covering a number of units are involved.

Again, it is not every month that the house-holder thinks of purchasing cloth. It will come in rotation and if the total quantity of cloth that is available for distribution is limited, defects of this kind are bound to appear. Therefore the criticism that has been levelled against the Controller is unfounded.

MR. K. K. CHELLAPPAN PILLAI: In rising to support the adjournment motion which is before the Assembly, I have first to refer the House to the remarks made last year that the total distribution would be undertaken by the Government very carefully, planned carefully and that cloth would be supplied in time and to all people alike in due course. But this year, neither the purchase of cloth nor the distribution of it has been as it should be. That is why the adjournment motion has come to the Assembly at present.

The notification, of course, is the immediate cause. There is total discontentment in the whole State in regard to this matter and, as I said, it is only the reflection of that that has come before the House. In the first place, Government had stated last year that an average of 12 yards would be distributed for every person annually throughout the State. I do not know how much cloth has afterwards come into the country from outside or has been produced within by hand-looms. I do not know either whether any account has been taken and statistics collected in regard to them. At the most an occasional statement with regard to them may be heard, but we are not allowed to know what exactly is the position. Therefore, it is very necessary that proper statistics should be published in proper time to show that the Government in and above to the matter were active and to make the people understand how the textile situation is in the country.

At the rate of about 12 yards per head, we require about 7·8 crores of yards, that is, there must be a distribution of at least 4,300 bales per month for the whole State. I do not know whether that distribution takes place at present.

PRESIDENT: What is the total number.

MR. T. K. GUPALAN NAIR: I just want to inform the honourable member that we are not getting 12 yards per head for the year now. It is only ten yards, and we are getting half of the quantity in yarn and the other half in mill cloth. We are getting nearly 1,504 bales in yarn and the rest, *i. e*, 1,656 bales, in mill cloth. That is the way in which distribution is being made.

MR. K. K. CHELLAPPAN PILLAI: Then there should be no reason why 24" per head should be distributed at this juncture.

LIBRARY ARCHIVES Kerala Legislative Assembly

MR. T. K. GOPALAN NAIR: It is only 5.4 yards that any one person can get as mill cloth for the whole year. The honourable member is under a mistaken notion. What is said here for the distribution is only in respect of the cloth that is now available out of the present quota. This amount will vary when a greater amount is received. This will not remain for all time. Next month, it may become 2½ yards or 3 or 4 yards. We are not getting the quota regularly and for every month. For instance, this month, it has to come from Sholapur and Bombay. We are not getting the monthly quota at regular intervals, and hence the difficulty.

MR. P. S. NATRAJA PILLAI: May I know the total number of units in Trivandrum City.

MR. T. K. GOPALAN NAIR: Three lakhs and odd.

We are having about one lakh of yards of cloth at present. This may be increased in the next quota for Onam and Ramzan so that people may get some more cloth on those occasions.

RAO SAHIB A. K. BASKAR: What is the quantity now available throughout the State.

MR. T. K. GOPALAN NAIR: About one lakh yards.

MR. K. K. CHELLAPPAN PILLAI: May I take it that the distribution is not regular?

MR. T. K. GOPALAN NAIR: Whenever fresh quota comes, it may be regular.

MR. K. A. MATHEW: What about the one crore of stock waiting at Alleppey?

MR. T. K. GOPALAN NAIR: That is waiting for Onam and Ramzan.

MR. G. PARAMESWARAN PILLAI: ഇതെല്ലാമാസംവരെ ഇവിടെ വന്നിട്ടുള്ള കോട്ടംതുണി മുഴുവൻ കൊടുത്തു തീർത്തിട്ടുള്ളതായിട്ടാണോ വിചാരിക്കേണ്ടതു?

MR. T. K. GOPALAN NAIR: I do not think it is all given.

MR. K. K. CHELLAPPAN PILLAI: I then come to the distribution of cloth. What the quantity is and how it is to be distributed are not known as it is. Of course the best method is to distribute them as and when quota arrives, but it should be distributed only when there is some practicability about the whole work of distribution. 24 inches of cloth per adult appears to be ridiculous. Then Sir, the quality of cloth also is a relative factor. The stuff we get is thoroughly useless. Most of them compares with the Dacca muslin of old in point of transparancy. We must not purchase any cloth which is not usable. There is then the question of black market.

MR. T. K. GOPALAN NAIR: Getting bad cloth is not the choice made by this Government.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI: Am I to take it that we have absolutely no choice in refusing them ?

MR. T. K. GOPALAN NAIR: We will have to go even without that cloth.

PRESIDENT: This Government wrote to the Government of India that people in Malabar, Travancore and Cochin did not wear cloth either of the same texture or of the same dimensions or of the same length or in the same way as people wear it elsewhere in the country. They were told that dhothies are worn differently in Bombay and Bengal from the way in which the 'Mundoos' are worn here. This was the subject of correspondence and probably it has not been carefully scrutinised. Therefore, in Delhi, I brought to the notice of the honourable members the actual clothing of one or two Malabar people on more than one occasion. It so happened that a friend of mine who was the minister of an Indian State was asked by me to dress himself in the Malabar fashion and with the Malabar cloth and he was taken to the Textile Department of the Government of India so that they might see for themselves. I think only then they came to realise that there was a different way of wearing cloth in Malabar from that of Northern India but that has not obviously been perfectly understood by those departments. We are often getting shirting cloth when we want cloth for wearing as dhothies. In fact I got some pink, dotted Saree cloth which was supplied for ordinary wear. We protested very strongly against it and said not we did not want it and that it may be taken back. We are in that position, but honourable members may take it that we are fully aware of our needs, and that we are pressing them forward. The funniest portion of it, however, is that many of these mills are willing to supply such cloth but they are not allowed to do so because of the general All-India restrictions.

MR. K. K. CHELLAPPAN PILLAI: Therefore, we are to be at the mercy of the cloth mill owners.

PRESIDENT: Order, order. We are at the mercy of the Government of India.

MR. K. K. CHELLAPPAN PILLAI: Anyhow, the stuff we got is not usable at all either in our homes, or outside.

PRESIDENT: It is fully granted.

MR. K. K. CHELLAPPAN PILLAI: We have to see that only usable cloth is ordered for us. Otherwise the situation will only deteriorate.

PRESIDENT: If the honourable members could express themselves fairly and clearly on this matter, I undertake to send a full debate on the adjournment motion to the Government of India with my remarks.

MR. K. K. CHELLAPPAN PILLAI: Formerly there were committees in taluks of which the Tahsildars were the Presidents. I do not know how the members were chosen by Government to serve on the

LIBRARY ARCHIVES Kerala Legislative Assembly

committees—whether on the point of their honesty or dishonesty. Any way the committee members were orbitrarily nominated by the Tahsildars and were found to be quite inefficient and very many of them corrupt. They were colluding with merchants to send everything into the black market.

MR. P. K. KUNJU (*Ambalapuzha* cum *Shertallai*): Does the honourable member know that members of the Legislature are also elected?

MR. K. K. CHELLAPPAN PILLAI: I know. Please go into the country and enquire. I have been gathering information about the conduct of some. I say that from personal experience and after a thorough enquiry. I am not sitting in the chair and simply say it. The old committees were dissolved; and the new committees are on an elected basis, with an elected President. They would work better, if proper people enter into it.

MR. M. K. NILACANTAN : ബഹുമാനപ്പെട്ട മെമ്പർ പ്രസിഡന്റാണെന്നു പറയുന്ന താലൂക്കുകമ്മിറ്റിയുടെ ഒറ്റ മീറ്റിംഗിലെങ്കിലും ബഹുമാനപ്പെട്ട മെമ്പർ സംബന്ധിക്കുകയോ എന്തെങ്കിലും തീരുമാനം ചെയ്യുകയോ ചെയ്തിട്ടുണ്ടോ?

MR. K. K. CHELLAPPAN PILLAI: മി. നീലകണ്ഠൻ ആ മീറ്റിംഗുകളിലെ പ്രൊസീഡിംഗ്സു കാണുകയോ മറ്റൊ ചെയ്തിരുന്നു എങ്കിൽ ഈ ചോദ്യം ചോദിക്കുകയില്ലായിരുന്നു. (*Laughter*)

I have my honour at stake. (*Renewed Laughter.*) The statement is untrue and the insination is wicked.

PRESIDENT: Honourable member is entitled to speak in English or in Malayalam. Let him confine himself to one of them.

MR. K. K. CHELLAPPAN PILLAI: Since the committee was constituted I attended four or five meetings. I absented myself only once, when I had been to Delhi to attend the Council of the All India State Peoples Conference. I took all measures to see that corruption was eradicated and I challenge anybody in this matter. Let any one come and see and judge how Kunnathur is getting on. Perhaps Mr. Nilakantan was not there.

MR. P. C. ADICHAN: ഒരു യഥാർത്ഥ ദേശീയവാദിയായ ബഹുമാനപ്പെട്ട മെംബർ പ്രസിഡന്റായിരുന്ന മാവേലിക്കര താലൂക്കുകമ്മറ്റിയിൽ ഏതെങ്കിലും അവസരത്തിൽ പിന്നോക്കസമുദായക്കാർക്കു ന്യായമായ വിതരണം നടത്തിയിട്ടുണ്ടോ?

MR. K. K. CHELLAPPAN PILLAI: ന്യായമായി വിതരണംചെയ്യുവാൻ ശ്രമിച്ചിട്ടുണ്ട്. പിന്നോക്കസമുദായക്കാർക്കും കാഡ്സു കൊടുത്തിട്ടുണ്ട്. കാഡ്സുള്ളവർക്കു ശരിയായി കൊടുത്തിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. C ADICHAN: പിന്നോക്കസമുദായക്കാരുടെ കാഡ്ഡ് പിടിച്ചു പറിച്ചുകൊണ്ടുപോയതായി ആരെങ്കിലും പരാതിപ്പെട്ടിട്ടുണ്ടോ?

MR. K. K. CHELLAPPAN PILLAI: അതിനെപ്പറ്റി അന്വേഷിക്കുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ടായിരുന്നു. അവരിൽ കാർഡില്ലാത്തവർക്ക് കാഡ്ഡുണ്ടാക്കിക്കൊടുക്കണമെന്നു ഞാൻ പറഞ്ഞിട്ട് അപ്രകാരം ചെയ്തിട്ടുണ്ടോ, മെമ്പർ?

MR. P. C. ADICHAN: മെമ്പർ ആ സ്ഥലത്തില്ലാതിരുന്ന അവസരത്തിൽ കൂടുതൽ ഭംഗിയായി വിതരണം നടത്തിയിട്ടുള്ളതായിട്ടറിയാമോ?

MR. K. K. CHELLAPPAN PILLAI: അത് എന്റെ നിർദ്ദേശമനുസരിച്ചുമാത്രം ചെയ്തിട്ടുള്ളതാണ്. മുൻപറഞ്ഞ ഒരു തവണ ഞാൻ അവിടില്ലാതിരുന്നുവെന്നേയുള്ളൂ. ആദ്യം ചില കമ്മിറ്റിമെമ്പറന്മാർ മോശമായിരുന്നു. പിന്നീട് നല്ല കമ്മിറ്റിമെമ്പറന്മാരെ തിരഞ്ഞെടുത്തു.

Then I shall come to the point I was dealing with.

PRESIDENT: Please do. *(Laughter)*

MR. K. K. CHELLAPPAN PILLAI: If the President and members of the non-official committees are honest, things will be done very well and all the irregularities and corruption will cease. When, the committees were constituted through nomination, they were found to be not very efficacious. Later the Textile Commissioner came and elected representatives from the people of the pakuthies and fresh committees were constituted. Now there is the latest proposal of nominations to committees by the members of the Legislative Assembly and the Tahsildars. I do not know how it will function. Only if the committees function through popular elected representatives from pakuthies, will the distribution of cloth be good.

PRESIDENT: Order, order. I am afraid the Government have been making many experiments. Government are perfectly willing either to constitute a central committee or local committees according to the desire of this honourable House and according to the programme which it thinks will best serve the interests of the people. I am quite open to hear suggestions and if those suggestions are approved, they will be carried out. The difficulty, of course, is that just as in the case of distribution of foodstuffs, where chances of black-marketing are great, Government must have some machinery. There is no doubt that certain official backing is needed for that machinery. Otherwise the work will not be done. It will be unfair to impose upon the non-officials what may be called the routine daily work. The non-officials should be the advisers and how their

LIBRARY ARCHIVES Kerala Legislative Assembly

advise can be best obtained, is a matter on which the Government have an open mind. At one time, they were advised that the co-operative societies were the best media, but whenever we utilised the co-operative societies, we got a tremendous number of complaints and I do not say that any system that we have till now tried has been either perfect or even possible. I am perfectly willing on behalf of the Government to accept any suggestions as to the method by which the non-officials may be chosen for the purpose of dealing with this textile problem.

MR. K. K. CHELLAPPAN PILLAI: Now, a few words about the Textile Commissioner's office. The office is responsible for the real work. But it does not do its work properly and honestly and there is wide spread discontentment. In 1119 very many applications for licenses were made and even now they are pending disposal. Fortunately, the present Commissioner has taken up the question and I am glad he said that he will speed up the process.

RAO SAHIB A. K. BHASKAR: Does the honourable member mean that it is the cause for the acuteness of cloth in Travancore now?

MR. K. K. CHELLAPPAN PILLAI: It is one of the causes of the feeling that distribution does not take place properly. I would urge upon the Commissioner to undertake the task and do it more vigorously and see that all the licenses that were applied for in 1119 are issued and that proper distribution takes place ere long.

MR. P. C. ADICHAN: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അടിയന്തിരപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഒന്നു രണ്ടു വാക്കു പിന്നോക്ക സമുദായത്തെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

PRESIDENT: I take it with regard to the textiles.

MR. P. C. ADICHAN: Yes, Sir.

ഇവിടത്തെ തുണിവിതരണം എല്ലാ ജനങ്ങൾക്കും ശരിയായി കിട്ടത്തക്കവിധത്തിൽ പ്രായോഗികമായി സഫലമാക്കാൻ വേണ്ടതു ഗവണ്മെൻറു ചെയ്തിട്ടുണ്ടു. മുക്കുവരിലെ ടൗണുകളും മുൻസിപ്പാലിറ്റികളും ഒഴികെ ഗ്രാമപ്രദേശങ്ങളിലുള്ളതായ പാവപ്പെട്ടവർക്കു റേഷൻ തുണി കിട്ടുന്നില്ല.

PRESIDENT: I would be grateful to the honourable members if in addition to any general remarks that they may wish to offer they would suggest any specific solution of the question which I have propounded.

MR. P. C. ADICHAN: സർ, ഗ്രാമപ്രദേശങ്ങളിൽ ഉള്ള ആളുകൾക്ക് വസ്ത്രം കിട്ടാൻ വളരെ പ്രയാസമായ നിലയാണു ഉള്ളതു് എന്ന സംഗതി ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. ഇപ്പോൾ പുതിയ കാർഡ് വിതരണംചെയ്യുന്നതിനുമുമ്പു് പാവപ്പെട്ട മിക്കവാറും ആളുകൾക്കു കാർഡി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan.]

ല്ലായിരുന്നു. ഒരു കടയിൽ റേഷൻതുണി വിൽക്കുന്ന അവസരത്തിൽ അവിടെ പലതരത്തിലുള്ള അനവധി ആളുകൾ വരും. പാവപ്പെട്ട വർക്ക് ആ തള്ളലിൽക്കൂടി തള്ളിക്കയറി വസ്ത്രം വാങ്ങാൻ വളരെ വിഷമമാണ്. ശുചിതപമില്ലായ്മ തുടങ്ങിയവയിൽ പിന്നോക്കസമുദായക്കാർ പിന്നോക്കമാണ്. അതിനാൽ തള്ളലിൽക്കയറി അവിടെയുള്ള ആളുകളുടെയിടയിൽക്കൂടി മേടിക്കുന്നതിനുള്ള ആരോഗ്യം അവക്കില്ല. ആ താലൂക്കിൽ മാത്രമല്ല എല്ലാ താലൂക്കുകളിലും പിന്നോക്കസമുദായക്കാക്ക് വസ്ത്രം കിട്ടുന്നില്ല എന്നുള്ളതു് ഒരു യഥാർത്ഥ സംഗതിയാണ്. ഉദാഹരണമായിട്ട് കുന്നത്തൂർതാലൂക്കിലെ ഒരു സംഗതി പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഈ അടുത്തകാലത്തു് ആ താലൂക്കിൽ ഏഴു കച്ചവടക്കാക്ക് വിതരണത്തിനുള്ള കോട്ടാ തുണി ഒരു പ്രാവശ്യം കിട്ടി. ഒരു കോട്ടായിൽ എണ്ണൂറു മുതൽ ആയിരത്തിഇരുനൂറു വരെ രൂപയുടെ തുണികൾ ഉണ്ടായിരിക്കും. ആ താലൂക്കിലെ ജനസംഖ്യ അനുസരിച്ചു നോക്കിയാൽ മൂവായിരം പേർക്ക് ഒരു കടയിൽനിന്നും തുണി കിട്ടണം. ഉദാഹരണമായി കുന്നത്തൂർ താലൂക്കിൽ കുറവരുടെ ജനസംഖ്യ ഏ൫൦൦൦-ന് മേൽ വരും. അതനുസരിച്ച് കുറവരുടെ കൈയ്വശം ൫ കോട്ടായുടെ തുണി അതായതു് ഉദ്ദേശം ൫൦൦൦ രൂപയുടെ തുണി ചെന്നുചേരേണ്ടതാണ്. ഈ അയ്യായിരം രൂപയുടെ തുണി പോയിട്ട് അഞ്ഞൂറു രൂപയുടെ തുണിപോലും അവർക്കു കിട്ടിയിട്ടില്ല. സാധുജനങ്ങളിൽ കാരുണ്യമുള്ളവനും ഒരു യഥാർത്ഥ ദേശീയവാദിയുമായ ബഹുമാനപ്പെട്ട മെമ്പർ മി. കെ. കെ. ചെല്ലപ്പൻപിള്ള പ്രസിഡൻറായിരുന്ന അവസരത്തിലാണ് ൫൦൦൦ രൂപയുടെ തുണിയിൽ ൪൫൦൦ രൂപയുടെ തുണി എങ്ങിനെ പോയെന്നു നിശ്ചയിക്കേണ്ടതു്.

സർ, ഞാൻ പറഞ്ഞു കാർഡ് ഇല്ലാത്തവർക്ക് തുണി കൊടുക്കണമെന്ന്. അപ്പോൾ അദ്ദേഹം പറയുന്നു, കാർഡില്ലാത്ത പന്തീരായിരത്തിലധികം വരുന്നവരുടെ ലിസ്റ്റെടുത്തുകൊണ്ട് പോഷ്കാരെ ചെന്നു കാണണമെന്ന്. അവശസമുദായക്കാരുടെ കാര്യങ്ങൾക്കായി തിരുവിതാംകൂറിൽ ചുറ്റിസഞ്ചരിക്കുന്ന എനിക്ക് പന്തീരായിരത്തിലധികം വരുന്നവരുടെ ലിസ്റ്റെടുത്തുകൊണ്ട് പോഷ്കാരെ കാണാൻ പോകാൻ വളരെ എളുപ്പമല്ലെന്ന് അദ്ദേഹത്തിനറിയാം. ഓരോ പകുതിയിലും ന്യായസ്ഥന്മാരായ മാന്യന്മാർ ഉണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ അവർ പറയുന്നപക്ഷം അതു വിശ്വസിച്ചു പ്രവർത്തിക്കേണ്ടതാണ്. മറ്റൊരു കാര്യം പറയുകയാണെങ്കിൽ.....

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLI : കാഡ്ു കളഞ്ഞുപോയി എന്നുള്ള തിനു ശരിയായ തെളിവു തരുന്നപക്ഷം അതിനു വേണ്ടതു ചെയ്യാമെന്നു മി. ആദിച്ചനോടു പറഞ്ഞിട്ടുള്ളതായി അറിയാമോ?

MR. P. C. ADICHAN : അവശസമുദായത്തിന്റെ പല കാര്യങ്ങൾക്കു വേണ്ടി പല താലൂക്കുകളിലായി ചുറ്റി സഞ്ചരിക്കുന്ന എനിക്കു് കാഡ്ു് ഇല്ലാത്ത അതുകൊണ്ടുപറ്റി തെളിവുതരുന്നതിനേക്കാൾ എളുപ്പം ഓരോ കരയിലേയും മാന്യന്മാർ എന്നറിയപ്പെടുന്നവരുടെ സർട്ടിഫിക്കറോ ചിറോ വാങ്ങിച്ചുകൊണ്ടു വരുന്നവക്കു കൊടുക്കുകയാണെന്നു ഞാൻ പറഞ്ഞതിനു് അങ്ങനെ കൊടുക്കയില്ലെന്നാണു് അദ്ദേഹം പറഞ്ഞതു്. അദ്ദേഹം പറഞ്ഞതിനു് അർത്ഥം ഉണ്ടായിരുന്നു, ഞാൻ മുൻപറഞ്ഞ പ്രകാരം ഒരു ലക്ഷം രൂപയുടെ തുണി ബ്ലാക്കുമാർക്കറ്റിൽ പോകാൻ ഇടയാക്കാതെ വേണ്ടതു ചെയ്തിരുന്നു എങ്കിൽ.

RAO SAHIB A. K. BHASKAR : ബഹുമാനപ്പെട്ട മെമ്പർ മി. കെ. കെ. ചെല്ലപ്പൻപിള്ള പിന്നോക്കസമുദായക്കാരേക്കൂടി പ്രതിനിധീകരിക്കുന്ന ആളാം അല്ലേ?

MR. P. C. ADICHAN : അതു് ഞാൻ മറെറാരവസരത്തിൽ പറയാം. ഇപ്പോൾ പറയുന്നില്ല.

MR. T. T. KESAVAN SASTRI : പിന്നോക്കസമുദായക്കാരുടെ കാർഡ്ു് എങ്ങിനെ കളഞ്ഞുപോയി എന്നു പറയാമോ?

MR. P. C. ADICHAN : മുൻപു്, ബജ്റാ, ഗോതമ്പു് മുതലായ സാധനങ്ങൾകൂടി ഉണ്ടായിരുന്ന കാലത്തു് യൂണിറെറാന്നിനു് കൂടുതൽ വില കൊടുക്കേണ്ടിവന്നിരുന്നതിനാൽ കാർഡു സൂക്ഷിക്കാതെയിരുന്നിട്ടുണ്ടു്. ചിലപ്പോൾ കടയിൽ ഏല്പിച്ചെന്നു വരാം. മറുചിലപ്പോൾ അവനവന്റെ തമ്പുരാക്കന്മാരുടെ കൈവശം ഏല്പിച്ചെന്നും വരും. അവർ അതുകൊണ്ടു് ചില്ലറ ലാഭം എടുത്തുവെന്നും വരും. ഏതുവിധത്തിലായാലും കാർഡു കൈമോശം വന്നിട്ടുള്ളവരും ഇല്ലാത്തവരും ഉണ്ടു്.

MR. T. T. KESAVAN SASTRI : അവശസമുദായക്കാരുടെ കാർഡുകൾ മൺചട്ടിയിൽപോലും സൂക്ഷിക്കാൻ സമ്മതിപ്പാൻ പാടില്ലാത്തതുകൊണ്ടാണോ കടയിൽ സൂക്ഷിക്കാൻ കൊടുക്കുന്നതു?

MR. P. C. ADICHAN : ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ കാരുണ്യമുണ്ടായി നോമിനേറു ചെയ്തിട്ടുള്ള രണ്ടു മൂന്നു അസംബ്ലി മെമ്പറന്മാർ ഒഴിച്ചു മിക്ക താലൂക്കുകളിലും താലൂക്കുകമ്മറികളിൽ പിന്നോക്കസമുദായക്കാരില്ല. പിന്നോക്കസമുദായക്കാരുടെ പ്രാതിനിധ്യത്തോടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan.]

ക്കൂടി തെരഞ്ഞെടുക്കപ്പെടാത്ത താലൂക്കുകമ്മറിക്കും എങ്ങിനെ ജനകീയകമ്മറിക്കും ആകും എന്നു ഞാൻ ചോദിക്കുന്നു. അതിനാൽ എല്ലാ താലൂക്കിലും എല്ലാവരുടേയും പ്രാതിനിധ്യമുള്ള ജനകീയകമ്മറിക്കും ഉണ്ടാകണം.

സർ, സെൻട്രൽ അഡൈ്വസറികമ്മിറ്റിയിലും പിന്നോക്കസമുദായത്തിൽനിന്നും ആരും ഇല്ലെന്നുള്ള വ്യസനസമേതം അറിയിച്ചു കൊള്ളുന്നു.

PRESIDENT: Is there any member of the backward communities in the Central Committee?

MR. P. S. NATARAJA PILLAI: Sir, I am a member of the sub committee representing the backward communities. I have to make a few observations.....

PRESIDENT: Order, order. I am only putting a question to the office whether there are any backward community member in the Central Committee.

MR. T. K. GOPALAN NAIR: No, Sir.

MR. P. C. ADICHAN: സർ, ഇനിയും ഒരു കാര്യം പറയുവാനുണ്ട്. തുണിവിതരണസ്ഥലത്തു് വലിയ തള്ളലിൽ കയറി വാങ്ങിക്കാൻ പാവപ്പെട്ടവക്കു തക്ക ആരോഗ്യമില്ല. എന്നുമാത്രമല്ല, പിന്നോക്കസമുദായക്കാക്കു താലൂക്കോന്നിനു രണ്ടും മൂന്നും, അതും പോരാ, സർ, പകുതി ഒന്നിന് ഒരു സി ലൈസൻസുവീതം കൊടുത്തു സഹായിക്കണമെന്നു ഞാൻ വിനീതമായി അപേക്ഷിക്കുന്നു.

സർ, ബിസിനസ്സുകൊണ്ടല്ലാതെ സാമ്പത്തികനില നന്നാകാൻ സാദ്ധ്യമല്ലെന്നാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. കച്ചവടം ചെയ്യുവാൻ ആഗ്രഹിക്കുന്നവരുണ്ടു്. അവരെ പ്രോത്സാഹിപ്പിക്കേണ്ടതു് എല്ലാവരുടേയും കടമയാണു്. സർ, ഞാൻ വളരെ ശക്തിയായി അപേക്ഷിക്കുന്നതു് ഒന്നുമാത്രമാണു്. പകുതിയൊന്നിനു പിന്നോക്കസമുദായത്തിൽപെട്ട ഒരാൾക്കെങ്കിലും സി ലൈസൻസു കൊടുത്തു സഹായിക്കണമെന്നാണു്. ഇതും പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം മുടുക്കുന്നു.

MR. CHAZHIKKATTU JOSEPH: സർ, ടെക്സ്റ്റയിൽ കമ്മീഷണർ ഉദ്യോഗത്തിൽ മിസ്റ്റർ കാസിമിനെ അദ്ദേഹം നിയമിച്ചു. അപ്പോൾ അദ്ദേഹത്തെപ്പറ്റി ധാരാളം ദോഷാരോപണമുണ്ടായി. അദ്ദേഹം പോയി, അനന്തരശേഷം മി. ആറുമുഖംപിള്ള വന്നു. അപ്പോഴും ധാരാളം ആരോപണങ്ങൾ ഉണ്ടായി. ഇപ്പോൾ മി. പെരേരാ ആ മുമതല

LIBRARY ARCHIVES Kerala Legislative Assembly

യിൽ ഏർപ്പെട്ടിരിക്കുന്നു. അതിനും കുറെ കുഴപ്പങ്ങളുണ്ട്. തുണി വിതരണത്തിന് താലൂക്കുതോറും ഓരോ കമ്മറിവച്ചു. അവരും കുറെ ക്കാരെന്നു പറയുന്നു. ആ കമ്മറിയിൽ ജോലിചെയ്യുന്ന കമ്മറിമെമ്പറന്മാരും കുറെക്കാരാണെന്നു പറയുന്നു. ഇതിനെല്ലാം അടിയിൽ കിടക്കുന്ന ഒരു സംഗതി നൂറുപേർക്കു കൊടുക്കാനുള്ള തുണി നാനൂറു പേർക്കു വിതരണം ചെയ്യണമെന്നുള്ളതാണ്. അതിന് ആരു എന്തു ചെയ്താലും സാധിക്കുകയില്ല. ഇല്ലാത്ത സാധനങ്ങൾ കൊണ്ടുവന്നു കൊടുക്കാൻ ആരു വിചാരിച്ചാലും ഒക്കുകയുമില്ല. സാധനത്തിന്റെ കുറവു പരിഹരിച്ചാൽ പരാതിയും തീരും.

MR. M. K. NILAKANTAN : വിതരണത്തിൽ കൂടുതൽ കാഴ്ചക്കുമതി വേണം എന്നറിയാമോ?

MR. CHAZHIKKATTU JOSEPH : കാഴ്ചക്കുമതിയുടെ കാര്യം പിന്നെപ്പറയാം. മുൻകാലങ്ങളിൽ ഒരിക്കലെങ്കിലും വില കൂടിയ മൽമൽ ഉടുത്തിട്ടില്ലാത്തവർക്കെല്ലാം ഇക്കാലത്തു് മൽമൽ ഉടുക്കണം. നല്ല ഏതുതരം തുണിയും അവർക്കും വേണം. നിയന്ത്രണം ഒന്നും ഇല്ലാതിരുന്ന കാലത്തു് നല്ല വസ്ത്രം ഉടുക്കാത്ത ആളുകൾക്കെല്ലാം ഇപ്പോൾ അതു വേണം. അവർക്കും കാർഡുള്ളതുകൊണ്ടു് കാർഡുമൂലം അവകാശപ്പെടുന്നു. അങ്ങനെ കൊടുക്കാതെയിരിക്കുമ്പോൾ അതു തൃപ്തികേടിനു കാരണമാകുന്നു. പിന്നെ ഇവിടത്തെ പ്രസംഗങ്ങളിൽനിന്നും മനസ്സിലാകുന്നതു് വേണ്ടാത്ത തുണി ഇവിടെ വരുന്നു എന്നാണ്.

MR. M. K. NILACANTAN : വിതരണത്തിൽ കുഴപ്പമൊന്നുമില്ലെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

MR. CHAZHIKKATTU JOSEPH : വിതരണത്തിൽ കുഴപ്പമുണ്ടെന്നും ആ കുഴപ്പം തുണി തികയാത്തിടത്തോളം കാലം തീരുകയില്ലെന്നുമാണ് ഞാൻ പറയാൻപോകുന്നതു്. യുദ്ധത്തിനു മുൻപു് ഒന്നാന്തരം തുണി പത്തണ പന്ത്രണ്ടണക്കു് വാങ്ങിക്കാം. ആ തുണി ഇപ്പോൾ വാങ്ങിക്കാൻ സാധിക്കാത്ത ആളുകൾ, ഇപ്പോൾ കാശിനുകൊള്ളാത്ത തുണി, ഒന്നരയും രണ്ടും രൂപ കൊടുത്തു വാങ്ങിക്കുന്നു. എന്തിന്? നൂറു രൂപയുടെ ബ്ലാങ്കറ്റിൽ വില്ലാൻ. അതിനാൽ ഞാൻ പറയുന്നതു് ഈ കുഴപ്പം ധാരാളം തുണി കിട്ടുന്നതുവരെ തീരുകയില്ലെന്നാണ്. മൽമൽ കണ്ടിട്ടുപോലും ഇല്ലാത്തവരും ഇപ്പോൾ ഒന്നാംക്ലാസ്സു് മൽമൽ ഉടുത്തുതുടങ്ങിയിരിക്കുന്നു.

MR. P. K. KUMARAN *(Nominated)* : മൽമൽ മുമ്പുടുത്തിട്ടില്ലാത്തവർ ഇപ്പോൾ ഉടുക്കണമെന്നു് ആഗ്രഹിക്കുകയാണെങ്കിൽ നാം അതിനു സഹായിക്കേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKKATTU JOSEPH : സർവാബല്ലാം. അൻപതും അറുപതും വയസുവരെ ഇങ്ങനെയൊക്കെ കഴിഞ്ഞിട്ട് ഇപ്പോഴാണോ മൽമലും ഉപ്പട്ടാവുമെല്ലാം ധരിക്കാൻപോകുന്നത്?

PRESIDENT: Order, order. Let honourable members realise exactly what is happening. We have interrupted discussions at the budget debate. We are now considering a very important subject: It is as well that the debate should be conducted so that it may result in some specific action or some specific programme that may be embarked upon by Government, and I have stated that Government will only be too anxious to follow the wishes of this Honourable House. The character of the debate so far, will not lead us to that conclusion. It is already half past four. One more hour of these discussions and the thing will automatically come to a close and we should be nowhere. I would request honourable members to bear this in mind.

MR. CHAZHIKKATTU JOSEPH : ഈ കാര്യങ്ങൾക്ക് ഒരു പരിഹാരമായിട്ട് എനിക്ക പറയുവാനുള്ളത്, ഒരു സെൻട്രൽ അഡ്വൈസറികമ്മറിയെ നിയമിച്ചിട്ടുള്ളതനുസരിച്ച് ആ കമ്മറി അതാതു സമയത്തിൽ വിളിച്ചുകൂട്ടി അവർ കൊടുക്കുന്ന നിർദ്ദേശമനുസരിച്ചു വിതരണം ചെയ്യുന്നതിനു കമ്മീഷണർ തയാറാകേണ്ടതാണ്. അല്ലാതെ കമ്മീഷണർ ഒരുഭാഗത്തു ഒരു തീരുമാനം ചെയ്യുകയും കമ്മറിക്കാർ വേറൊരു ഭാഗത്തു വേറൊരു തീരുമാനം ചെയ്യുകയും ചെയ്താൽ, വരുന്ന കാര്യങ്ങൾക്ക് കമ്മീഷണരും ഉത്തരവാദിയല്ല കമ്മറിയും ഉത്തരവാദിയല്ല എന്നു വരും. അതിനാൽ സെൻട്രൽകമ്മറിയുടെ ഉപദേശമനുസരിച്ച് പ്രവർത്തിക്കാൻ കമ്മീഷണർ തയാറാകേണ്ടതാണ്. ഓരോ താലൂക്കിലും താലൂക്കുകമ്മറി ഉണ്ടെന്നാണ് എന്റെ അറിവ്. ഓരോ താലൂക്കിലുമുള്ള നിയമസഭാമെമ്പറന്മാരും തഹശീൽദാരുംകൂടി ചേർന്ന് ആലോചിച്ച് ഒരു കമ്മറി ഉണ്ടാക്കാൻപോകുന്നതായി കേട്ടു. ആ കമ്മറി ഉടനെ ആരംഭിച്ചു പ്രവർത്തിക്കണം. താലൂക്കുകമ്മറികൾ ഉടനെ സംഘടിപ്പിക്കുകയും വേണം.

PRESIDENT : Order, order. In view to what fell from the honourable member and from certain other honourable members, I have made an enquiry as to the relations between the Textile Commissioner and the Central Advisory Committee. I have now ascertained and I am placing it before this House that on no occasion has the advice of that Central Advisory Committee been overborne or departed from by the Textile Commissioner. The only occasion when a difference of opinion arose was when the members of the Taluk Committees began to issue chits themselves, and there was an attempt made to stop that practice. Apart from that, with regard to the re-commendations of these committees, I am told, that all their recommendations have been carried out.

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKKATTU JOSEPH : അതിനു വ്യതിയാനം വന്നു എന്നല്ല ഞാൻ പറഞ്ഞതു്. സെൻട്രൽകമ്മറിയോടു് ആലോചിച്ചു പ്രവർത്തിക്കുകയും അതുപോലെതന്നെ ഇപ്പോൾ നിർദ്ദേശിച്ചതനുസരിച്ചു് ഓരോ താലൂക്കിലും ഉത്തരവാദിത്വമുള്ള നിയമസഭാമെമ്പറന്മാരേയും തഹശീൽദാരേയും മറ്റു് ആളുകളേയും ചേർത്തു കമ്മറി ഉണ്ടാക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. അങ്ങനെയുള്ള ഒരു കമ്മറി ന്യായമായി പ്രവർത്തിക്കുമ്പോൾ, ഏകദേശം തൃപ്തികരമായിരിക്കും. എന്നായാലും തൃപ്തിവരാത്ത കുറെപ്പേരുണ്ടു്. അതു് എന്നും ഉണ്ടായിരിക്കും. കോട്ടയത്തു് ഒരു ടെക്സ്റ്റയിൽ ഇൻസ്പെക്ടരുണ്ടു്. മുൻപു് താലൂക്കുകമ്മറി പ്രസിഡൻറു് സ്പെഷ്യൽചിറ്റു് ഇഷ്യു ചെയ്യുന്നുണ്ടായിരുന്നു. ഇപ്പോൾ അതു പാടില്ല. ഇപ്പോൾ അത്യാവശ്യത്തിനു് സ്പെഷ്യൽതുണി വേണമെങ്കിൽ ടെക്സ്റ്റയിൽ ഇൻസ്പെക്ടരുടെ പക്കൽ ചെല്ലണം. മരിച്ച കൊള്ളിന്റെ പുറത്തു പച്ച മുഴം തുണി മുഹമ്മദീയർക്കു് ഇടണമെന്നുണ്ടു്. അതു വേണമെങ്കിൽ ടെക്സ്റ്റയിൽ ഇൻസ്പെക്ടരെ കാണണം. അവിടെ ചെല്ലുമ്പോൾ ഇൻസ്പെക്ടരെ കാണുകയില്ല എന്നുവച്ചു് വരുന്നതുവരെ മരിക്കാതിരിക്കാനൊക്കുമോ? ചിലപ്പോൾ ചിലർ തുണിക്കുടാതെ മരിക്കേണ്ടിവരും. അതിനാൽ ഞാൻ പറയുന്നതു് ഇങ്ങനെയുള്ള അത്യാവശ്യത്തിനു് പത്തോ പതിനഞ്ചോ വാര തുണി കൊടുക്കുന്നതിനു് താലൂക്കുകമ്മറി പ്രസിഡൻറിനും അധികാരം കൊടുക്കണമെന്നാണു്. കമ്മറികളും ഇല്ലാത്ത ചില താലൂക്കുകളുണ്ടു്. താലൂക്കുകമ്മറി ഉണ്ടായിരുന്നിട്ടും ശരിയായി പ്രവർത്തനം നടത്താത്തവയുമുണ്ടു്. എല്ലാ താലൂക്കിലും കമ്മറി നിയമിച്ചു് സെൻട്രൽകമ്മറിയിലെ നിർദ്ദേശങ്ങളനുസരിച്ചു് പ്രവർത്തിച്ചാൽ കൊള്ളാമെന്നു ഞാൻ താല്പര്യപ്പെടുന്നു.

PRESIDENT : Will honourable members who wish to participate in the debate kindly give me their names ?

MR. E. K. MADHAVAN : എന്റെ മാന്യസ്നേഹിതൻ മി. പരമേശ്വരൻ പിള്ള ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. ഈ പ്രമേയത്തിനു് ഹേതുഭൂതമായ സംഗതികളെപ്പറ്റി പല മെമ്പറന്മാരും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. എനിക്കു ചില പ്രത്യേക കാര്യങ്ങളാണു് ഇവിടെ പറയുവാനുള്ളതു്. ഇപ്പോൾ പച്ച ഇഞ്ചു തുണി വീതമാണു് ഒരു യൂണിറ്റിനു കൊടുക്കുക. ഇതിന്റെ പ്രായോഗിക വൈഷമ്യത്തെ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണു ഞാൻ അഭ്യർത്ഥിക്കുന്നതു്, നാലു യൂണിറ്റുള്ള ഒരു കാർഡുടമസ്ഥനു നാലടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Madhavan]

തുണിയാണ് കിട്ടുന്നത്. നാലടി എന്നുവച്ചാൽ ഫ വ ഇഞ്ചുവീതം ർ വ ഇഞ്ചു തുണിയാണ്. ർ വ ഇഞ്ചു തുണികൊണ്ട് ഒരാളിന്റെ കായ്ക്കുതന്നെ സാധിക്കുകയില്ലെന്ന് തിരുവിതാംകൂറിലെ വസ്ത്രധാരണരീതിയെപ്പറ്റി അറിയാമെന്നുള്ളവരോട് പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഇത് അപ്രായോഗികമായ ഒരു ഇടപാടായിട്ടാണ് തീർന്നിരിക്കുന്നത്.

അടുത്തതായി എനിക്കു പറയുവാനുള്ളത് ഇത്തവണത്തെ വിതരണത്തെപ്പറ്റി ടെക്സ്റ്റയിൽകമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള ആർഡറിനെപ്പറ്റിയാണ്. കോട്ടാ ആർഡർ കച്ചവടക്കാർക്കു നേരിട്ടുകൊടുക്കാതെ താലൂക്കുകമ്മറ്റി പ്രസിഡൻറുമുഖേന കച്ചവടക്കാർക്ക് അയയ്ക്കണമെന്നും ഏതുതരത്തിൽ വിതരണം ചെയ്യണമെന്നുള്ള നിർദ്ദേശം സെൻട്രൽകമ്മറ്റിമുഖാന്തിരം താലൂക്കുകമ്മറ്റിക്ക് അയയ്ക്കണമെന്നുമാണ് സെൻട്രൽകമ്മറ്റി തീരുമാനം ചെയ്തിട്ടുള്ളത്. എന്നാൽ ഇപ്പോൾ കച്ചവടക്കാർക്ക് നേരിട്ടയച്ചുകൊടുക്കുകയാണു ചെയ്തത്.

ഇതു സെൻട്രൽ അഡ്വൈസറികമ്മിറ്റി ചെയ്തിട്ടുള്ള തീരുമാനത്തിനു എതിരും തുണിവിതരണകാര്യത്തിൽ ജനങ്ങൾക്കു ദോഷമുണ്ടാക്കുന്ന ഒരു പ്രവൃത്തിയുമാണ്. അതെങ്ങനെ ഉണ്ടാക്കുന്നു എന്നു ഞാൻ പറയാം. ഓരോ കച്ചവടക്കാർക്കും എത്ര തുണി വീതം വിൽപ്പനക്കു കൊടുക്കണമെന്നും എങ്ങനെ അവർ അതു വിതരണം ചെയ്യണമെന്നും താലൂക്കുകമ്മിറ്റിയെ അറിയിച്ചു കൊണ്ടുമാത്രം ടെക്സ്റ്റയിൽ കമ്മീഷണർ കച്ചവടക്കാർക്ക് ആർഡർ കൊടുക്കണമെന്നാണു സെൻട്രൽ അഡ്വൈസറികമ്മിറ്റി തീരുമാനിച്ചത്. എന്നാൽ ഇപ്പോൾ ആർഡർ നേരിട്ടു കച്ചവടക്കാർക്കു അയക്കുന്നു. എങ്ങിനെ വിതരണം നടത്തണമെന്നുള്ളതിനെപ്പറ്റി കച്ചവടക്കാർക്കു ആകട്ടെ, താലൂക്കുകമ്മിറ്റിക്കാകട്ടെ യാതൊരു നിർദ്ദേശവും നൽകുന്നില്ല. ഒടുവിൽ കച്ചവടക്കാർ അവർക്കു ഇഷ്ടമുള്ള വിലക്കു ഇഷ്ടമുള്ള ആളുകൾക്കു കച്ചവടം നടത്തുന്നു. ഈ ദുഷ്യം പരിഹരിക്കുന്നതിനുവേണ്ടി മാത്രമാണു സെൻട്രൽ അഡ്വൈസറി കമ്മിറ്റിക്കാർ ഞാൻ മുൻപറഞ്ഞ മാതിരി ഒരു തീരുമാനം ചെയ്തത്. അതുകൊണ്ടു മേലാൽ എങ്കിലും ബ്ലാക്കുമാർക്കറ്റു് വർദ്ധിപ്പിക്കുന്നതിനു ഇടവരുത്തുന്ന ഈ സംപ്രദായം അനുവർത്തിക്കാതെ അതാതു താലൂക്കു കമ്മിറ്റികളിൽക്കൂടി മാത്രമെതുണി വിതരണം നടത്തുവൂ എന്നാണ് എനിക്കു പറയുവാനുള്ളത്.

സർ, സെൻട്രൽ അഡ്വൈസറികമ്മിറ്റി പാസാക്കിയ മറ്റൊരു നിശ്ചയത്തെക്കൂടി ടെക്സ്റ്റയിൽ കമ്മീഷണർ അവർകൾ ലംഘിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

തിനു അദ്ദേഹം ഏർപ്പാട് ചെയ്യുകഴിഞ്ഞിരിക്കുന്നു. എല്ലാവക്കും തുണി വാങ്ങിക്കുന്നതിനുള്ള കാർഡുകൾ പ്രത്യേകം കൊടുക്കേണ്ടതാണെന്നു കമ്മിറ്റി നിശ്ചയിക്കുകയുണ്ടായി. താലൂക്കു കമ്മിറ്റിയിലെ ഏതെങ്കിലും ഒരു അംഗത്തിന്റെ അടയാളത്തോടുകൂടി മാത്രമെ ഇപ്രകാരം കാർഡു വിതരണം നടത്താവൂ എന്നും നിശ്ചയിച്ചിരുന്നു. ഇങ്ങനെ നിശ്ചയിക്കുന്നതിനുള്ള കാരണം ആളുകളെപ്പറ്റിയും അവക്ക് എത്ര തുണി ആവശ്യമുണ്ടെന്നുള്ളതിനെപ്പറ്റിയും കമ്മിറ്റി അംഗങ്ങൾക്കു അറിയാൻ കഴിയുന്നതും, ആ ആവശ്യം നിർവഹിക്കുന്നതിനുമാത്രം വിതരണം നടത്താൻ കഴിയുന്നതും ആണെന്നുള്ളതുകൊണ്ടാണ്. അല്ലാത്തപക്ഷം ആവശ്യത്തിൽ കൂടുതൽ തുണി വാങ്ങിച്ചു ബ്ലാക്കുമാർക്കറ്റിൽ വിൽപ്പന നടത്തുന്നതിനുള്ള സാദ്ധ്യത ഇവർക്കു ലഭിക്കുന്നതാണ്. അതിനെ തടയണമെന്നുള്ള ഉദ്ദേശം ഒന്നുകൊണ്ടുമാത്രമാണു ഇപ്രകാരം നിശ്ചയിച്ചതു്. അല്ലാതെ താലൂക്കുകമ്മിറ്റി അംഗങ്ങളെ എല്ലാവരും വന്നു കണ്ടു് അതുകൊണ്ടു് എന്തെങ്കിലും മാഹാത്മ്യം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശം അവക്കില്ല. മരണം, കല്യാണം മുതലായ അത്യാവശ്യമായ കാര്യങ്ങൾക്കു തുണി ആവശ്യമുണ്ട്. ഓരോ സമുദായക്കാർക്കു ഓരോ അളവിൽ തുണി കൊടുക്കേണ്ടതു് അത്യാവശ്യവുമാണ്. മരണാവശ്യത്തിനു യഹൂദന്മാക്കു ൨൫ വാര തുണിവേണം. അതേതു വിലകൊടുത്തും അവർ വാങ്ങും. അതുപോലെതന്നെ മുസ്ലിമിങ്ങൾക്കും തുണി കൂടുതൽ ആവശ്യമുണ്ട്. മറ്റു ജാതിക്കാർക്കും ഇങ്ങിനെയുള്ള കാര്യത്തിനു തുണി ആവശ്യമാണ്. ഇത്തരം അടിയന്തിരകാര്യങ്ങൾക്കു തുണി കിട്ടണമെങ്കിൽ കോട്ടയത്തും മറ്റും ചെന്നു് അനുവാദം വാങ്ങിക്കൊണ്ടുവന്നെങ്കിൽ മാത്രമെ സാധിക്കുകയുള്ളു എന്നു വരുന്നതു വളരെ ബുദ്ധിമുട്ടിനു് ഇടവരുത്തുന്നു.

PRESIDENT : What is the matter ?

MR. E. K. MADHAVAN : പറവൂർ മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന ഒരാളിനു് ഇത്തരം ആവശ്യങ്ങൾക്കു തുണി വേണമെങ്കിൽ കോട്ടയത്തിരിക്കുന്ന ടെക്സ്റ്റയിൽ ഇൻസ്പെക്ടരെ കണ്ടു ചിറ്റു വാങ്ങിക്കണം. ഈ ചിറ്റു വാങ്ങിക്കണമെങ്കിൽത്തന്നെ രണ്ടുമൂന്നുപേർ അതിലേക്കു സാക്ഷ്യപ്പെടുത്തണം.

MR. P. K. KURIAKOSE : ഒരാൾ മരിച്ചു എന്നുള്ളതിനെപ്പറ്റിയാണോ സാക്ഷ്യപ്പെടുത്തേണ്ടതു്?

MR. E. K. MADHAVAN: അതിനും വേണം. എത്രതുണി ആവശ്യമുണ്ടെന്നുള്ളതിനും സർട്ടിഫിക്കറ്റു കൊടുക്കണം. ഇതൊക്കെ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Madhavan]

ചെന്നാൽ മാത്രമേ ടെക്സ്റ്റയിൽ ഇൻസ്പെക്ടർ ചിറകു തരികയുള്ളൂ. ഇതു വളരെ കഷ്ടമാണ്. മരിച്ചതിൽ ദുഃഖിച്ചിരിക്കുന്ന ആളുകൾ ഇതു ദൂരം പോയി ചിറകുവാങ്ങിച്ചു ആവശ്യം നിറവഹിക്കുക എന്നുള്ളതു വളരെ കഷ്ടമായ ഒരേർപ്പാടാകുന്നു. ഇങ്ങനെയുള്ള കാര്യങ്ങളിൽ സെൻട്രൽ കമ്മിറ്റിയുടെ ശുപാർശ ടെക്സ്റ്റയൽ കമ്മീഷണർ എന്തു കൊണ്ടു നടപ്പിൽ വരുത്തുന്നില്ല എന്നുള്ളതു് എനിക്കു മനസിലാക്കാൻ വിഷമമായിരിക്കുന്നു.

RAO SAHIB A. K. BHASKAR : ജീവിച്ചിരിക്കുന്നവർക്കു മാനം മറച്ചുനടക്കുന്നതിനുതന്നെ തുണി കിട്ടാതിരിക്കുന്ന ഈ ഘട്ടത്തിൽ മരിച്ചവർക്കു വേണ്ടി തുണി ചെലവാക്കുന്നതു ബുദ്ധിപൂർവകമായ ഒരു പ്രവർത്തിയാണോ?

MR. E. K. MADHAVAN: അതു ഓരോരുത്തരുടേയും സെന്റിമെന്റാണ്. മരിച്ചു കഴിഞ്ഞാൽ പിന്നെയുള്ളതു ഒരു ജഡം മാത്രമാണെന്നു വിചാരിക്കുന്ന മി. ഭാസ്കറിനും എനിക്കും അതേപ്പറ്റി അത്ര കാര്യമായി ചിന്തിക്കാനില്ല. എന്നാൽ എല്ലാവരും അങ്ങനെ വിചാരിക്കുന്നില്ല. ഇവരുടെ വിശ്വാസത്തിനു അനുസരണമായുള്ള ചടങ്ങുകൾക്കുടി തൽക്കാലം നിലക്ക്, അവശ്യം നിർവഹിച്ചേ കഴിയു.

ഇത്തരം കാര്യങ്ങൾക്കു പ്രവർത്തിയാർത്തന്നെ സാക്ഷിപ്പെടുത്തിയെങ്കിൽ മാത്രമേ ചിറകുകൾ അനുവദിക്കപ്പെടുകയുള്ളൂ. സ്വതേതന്നെ ഈ പ്രവർത്തിയാരംഭത്തിൽ മിക്കവരും ഒഴിഞ്ഞിലക്കാരാണ്. അങ്ങനെയുള്ള പ്രവർത്തിയാരന്മാരെ ഇത്തരം കാര്യങ്ങളിൽ കഴിവുള്ളിടത്തോളം ഇടപെടുത്തരുതേ എന്നാണു എനിക്കു അങ്ങയോടു ചെയ്യുവാനുള്ള അപേക്ഷ.

അടുത്തതായി എനിക്കു പറയുവാനുള്ളതു് താലൂക്കുകമ്മിറ്റികളെക്കുറിച്ചാണ്. പലപ്പോഴും താലൂക്കുകമ്മിറ്റികൾ ശരിക്കു കൂടാറില്ല. കൂടുന്നെങ്കിൽതന്നെ, മുൻകൂട്ടി നോട്ടീസുകൊടുത്തു് എല്ലാവരേയും തക്കസമയത്തു വിളിച്ചുവരുത്തുവാൻ ശ്രദ്ധിക്കുന്നില്ല. പെരുമ്പാവൂർ താലൂക്കുകമ്മിറ്റിയെ സംബന്ധിച്ചിടത്തോളം എനിക്കുണ്ടായിട്ടുള്ള അനുഭവം അതാണ്.

MR. J. T. MORAES : അതുടെ കുറ്റംകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതു്? താലൂക്കു കമ്മിറ്റിയുടെയോ, ടെക്സ്റ്റയിൽ കമ്മീഷണരുടെയോ?

MR. E. K. MADHAVAN : താലൂക്കു കമ്മിറ്റിയുടെതന്നെ കുറ്റംകൊണ്ടാണ്. എന്നാൽ ഈ താലൂക്കു കമ്മിറ്റിയുടെ പ്രസിഡൻറു തഹശീൽദാരാണ്. അതുകൊണ്ടു് ഇത്തരം ഗവണ്മെൻറുദ്യോഗസ്ഥന്മാ

LIBRARY ARCHIVES Kerala Legislative Assembly

രുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന താലൂക്കുകമ്മിറ്റിയുടെ നടത്തിപ്പിനെപ്പറ്റിയും ഗവണ്മെന്റ് അന്വേഷിക്കേണ്ടതാണ്.

MR. CHAZHIKATTU JOSEPH : താലൂക്കു കമ്മിറ്റിയുടെ പ്രസിഡന്റ് തഹശീൽദാർതന്നെ ആയിരിക്കണമെന്ന് സെൻട്രൽ കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ?

MR. E. K. MADHAVAN : ഇല്ല. എന്നാൽ പുതിയ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നതിനോ ശരിയായ ആലോചനകൾ നടത്തുന്നതിനോ ആവശ്യമായ യാതൊരു നടപടികളും ഞാൻ മുമ്പു പറഞ്ഞ പെരുമ്പാവൂർ തഹശീൽദാർ എടുക്കുന്നില്ല.

MR. P. S. MOHAMED : താലൂക്കു കമ്മിറ്റിയുടെ പ്രസിഡന്റായ തഹശീൽദാർ ഒരു ഫുൾടൈം ആഫീസറല്ലേ? ആ നിലക്ക് അദ്ദേഹത്തിന് കമ്മിറ്റിയുടെ കാര്യങ്ങൾ വേണ്ടപോലെ നോക്കുവാൻ സമയം കിട്ടുമോ?

MR. E. K. MADHAVAN: അതൊക്കെയും ഗവണ്മെന്റു ഗൗനിക്കേണ്ടതാണ്. അതുപോലെ സ്പെഷ്യൽ ചിറ്റുകൾ മുഖേന വിതരണം നടത്തുവാൻ ഒരു ചെറിയ കോട്ട താലൂക്കു കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണെന്ന് മുൻപു സെൻട്രൽ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. ആ രീതി അനുവർത്തിക്കപ്പെടുന്നപക്ഷം ഞാൻ മുൻപു പറഞ്ഞതുപോലെയുള്ള അടിയന്തിരാവശ്യങ്ങൾ വലിയ വിഷമംകൂടാതെ നിർവഹിക്കുവാൻ കഴിയും. അതുപോലെ, ഒരാളിനു കിട്ടാൻ അർഹതയുള്ള മുണ്ടിനും നൂലിനും കാർഡുകൾ പ്രത്യേകം കൊടുക്കുന്നതും വളരെ നല്ല ഒരേർപ്പാടായിരിക്കും.

RAO SAHIB A. K. BHASKAR : സർ, മാനം മറയ്ക്കുന്നതിനുള്ള വസ്ത്രം മനുഷ്യനു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു വസ്തു ആണ്. ആഹാരവിഷയത്തിൽ, ഒരു പക്ഷെ, ഒരു നേരം കഴിക്കാൻ മാത്രമേ ഇല്ലെന്നിരുന്നാലും പൊറുക്കാം. എന്നാൽ വിശപ്പുവരുമ്പോൾ വയറു നുമുറുക്കികെട്ടുന്നതിനും വസ്ത്രം ഉപകരിക്കും. എന്നാൽ സമീപകാലത്തു പ്രസിദ്ധം ചെയ്തിരിക്കുന്ന ഒരു പത്രറിപ്പോർട്ടു അനുസരിച്ച് തിരുവനന്തപുരം പട്ടണത്തിലുള്ള അളുകൾക്കു യൂണിറ്റു നുക്കു ഫാ. ഇഞ്ചു തുണി മാത്രമേ കിട്ടുകയുള്ളു എന്നുകാണുന്നു. തന്നിമിത്തം സാമാന്യജനങ്ങളുടെ മാനം മറയ്ക്കുന്നതിനുള്ള വസ്ത്രംപോലും കിട്ടാൻ നിവർത്തിയില്ലെന്നാണു കാണുന്നതു. ആ നില വരുത്തുന്നതു വളരെ കഷ്ടമാണ്.

PRESIDENT : That is not the interpretation to be given.

LIBRARY ARCHIVES Kerala Legislative Assembly

RAO SAHIB A. K. BHASKAR : സർ, സെൻട്രൽ കമ്മിറ്റിയിൽ ഒരു യൂണിറ്റിന് ഏറ്റവും കുറഞ്ഞത് നൂ വാരയെങ്കിലും കൊടുക്കണമെന്ന ശുപാർശ ചെയ്തിട്ടുണ്ട്. ആ നിർദ്ദേശം അനുസരിച്ചാണ് ഇതുവരെ നടന്നു പോന്നിട്ടുള്ളതും. ഓരോ താലൂക്കിലുമുള്ള കമ്മിറ്റിയുടെ നിയന്ത്രണത്തിനു വിധേയമായിട്ടാണു ഇതുവരെ ലൈസൻസികൾ തുണി വിതരണം ചെയ്തു വന്നിരുന്നത്. കൈത്തറി വസ്ത്രങ്ങൾ ഇല്ലേ എന്നു ചോദിച്ചേക്കാം. എന്നാൽ മിൽത്തുണിക്കു താരതമ്യേന വില വളരെ കുറവാണു. നമുക്ക് ഇപ്പോൾ പ്രതിമാസം കിട്ടിവരുന്ന മിൽത്തുണി നൂ@ ബെയിലാണ്. ആ കണക്കനുസരിച്ചു നോക്കുമ്പോൾ ഒരാളിനു കുറഞ്ഞതു നൂ വാര കൊടുക്കാമെന്നാണു എന്റെ വിശ്വാസം. ഇവിടെ പ്രതിമാസം ൧@൦൫ ബെയിൽ നൂലു് ഇറക്കുമതി ചെയ്യുന്നുണ്ട്. ഒരു നിശ്ചിതവിലക്കു കൊടുക്കുന്ന നൂലുകൊണ്ടുണ്ടാക്കുന്ന കൈത്തറി നെയിത്തുവസ്ത്രങ്ങൾ യാതൊരു നിയന്ത്രവുമില്ലാതെ ഇഷ്ടമുള്ള വിലയ്ക്കു വില്ക്കാനനുവദിച്ചിരിക്കുന്നു. വില നിയന്ത്രണമില്ലാതെ കൈത്തറിയിലുണ്ടാക്കപ്പെടുന്ന വസ്ത്രങ്ങൾ വില്ക്കപ്പെടുന്നതുകൊണ്ടാണു നൂൽ ബ്ലാക്കുമാർക്കറ്റിൽ പോകുന്നതു്. വസ്ത്രങ്ങൾതന്നെ ഏതു വില കൊടുത്തും വാങ്ങേണ്ടിവരുന്നതു സാധാരണയായി കൈത്തറിയിൽ നെയ്യുണ്ടാക്കുന്ന പാവപ്പെട്ടവരാണു്. കോട്ട അനുസരിച്ചുള്ള മില്ലിലുണ്ടാക്കപ്പെടുന്ന വസ്ത്രങ്ങൾ വിതരണം നടത്തുമ്പോൾ വാങ്ങുവാൻ അവർക്കു ആ സമയത്തു പണമുണ്ടായി എന്നു വരില്ല. പണം ഉണ്ടെങ്കിൽതന്നെയും വേലക്കാർക്ക് അവരുടെ വേല ഉപേക്ഷിച്ചു കോട്ടാത്തുണി വാങ്ങിക്കുവാൻ സമയമുണ്ടായിയെന്നു വരികയില്ല. ഈ പരിതഃസ്ഥിതിയിൽ ഇവിടെ ഇറക്കുമതി ചെയ്യുന്ന നൂലുകൊണ്ടു് ഇവിടെ നിർമ്മിക്കപ്പെടുന്ന വസ്ത്രങ്ങളും മില്ലുവസ്ത്രങ്ങളും പാവപ്പെട്ട ആളുകൾക്കു കൺട്രോൾ വിലയ്ക്കുതന്നെ കിട്ടത്തക്കവണ്ണം പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം സാമാന്യജനങ്ങൾ വളരെ ക്ലേശം സഹിക്കേണ്ടിവരും. അതുകൊണ്ടു് ഇവിടെ ഇറക്കുമതി ചെയ്യുന്ന നൂലുകൊണ്ടുണ്ടാക്കപ്പെടുന്ന കൈത്തറിത്തുണികൾ കൂടി, കൺട്രോൾ വിലക്കു വില്ക്കുവാൻ ഏർപ്പാടു ചെയ്യേണ്ടതാണ്.

MR. T. K. GOPALAN NAIR : A sub-committee has been formed just to go into the question of fixing the price of hand loom cloth in this country.

RAO SAHIB A. K. BHASKAR : Hand looms products-നു വില നിയന്ത്രണം ചെയ്യുന്നതിനുവേണ്ടി ഒരു സബ് കമ്മിറ്റി ഇടയിടെ ശുപാർശ

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ട്. ഫ ൈ ാ ർ ബെയിൽ ന്തൽ ആണല്ലോ പ്രതിമാസം ഇവിടെ ഇറക്കുമതി ചെയ്യുന്നത്. അതിൽ ർ ാ ശതമാനത്തോളം അതായത് ന്യ ാ ാ ബെയിലോളം ന്തലും സഹകരണസംഘങ്ങൾക്കായിട്ട കൊടുത്തു വരുന്നതായി കാണാം. ഒരു സഹകരണസംഘം ന്യ ശതമാനത്തിൽ കവിഞ്ഞു ഒരു ആദായവിഭജനം നടത്താൻ നിയമം അനുവദിക്കുന്നതല്ല. ഇപ്രകാരം നിയമമുണ്ടായിരുന്നിട്ടും സഹകരണസംഘങ്ങൾ ഇരുന്നൂറും മുന്നൂറും ശതമാനം ആദായം എടുത്തുകൊണ്ടാണ് ഇപ്പോൾ കൈത്തറി ത്തുണികൾ വിതരണം ചെയ്യുന്നത്. കൈയ് ത്തറിനെയ് ത്തിന്റെ ആവശ്യത്തിലേക്ക കൊടുക്കുന്ന ന്തലുകൾ തിരികെ വസ്ത്രങ്ങളാക്കി സെൻട്രൽ കമ്മിറ്റിയേയോ അല്ലെങ്കിൽ താലൂക്ക കമ്മിറ്റികളേയോ അതുമല്ലെങ്കിൽ സഹകരണസംഘങ്ങളേയോ ഏൽപ്പിക്കണം എന്ന് നിർ ബന്ധിക്കണം. കൈത്തറിയിൽ നെയ്യുണ്ടാക്കുന്ന തുണികൾ ഇന്ന വില വച്ച മാത്രമേ വിൽക്കാവു എന്ന വ്യവസ്ഥ ചെയ്യുകയും വേണം. വസ്ത്രം വിതരണം ചെയ്യുമ്പോൾ ഒരു സിറ്റിക്കോ അല്ലെങ്കിൽ ഏതാനും പേർക്കോ മാത്രമായി വിതരണം ചെയ്യാതെ എല്ലാ താലൂക്കുകളിലേക്കും എല്ലാ പട്ടണങ്ങളിലേക്കും ജനസംഖ്യാനുപാതികമായി വീതിച്ചു കൊടുക്കണമെന്നു ഞാൻ ഉൽബോധിപ്പിക്കുന്നു.

ഈ സന്ദർഭത്തിൽ, സർ, എനിക്ക അങ്ങയോടു മറെറാരു കാര്യം പറയാനുണ്ട്. വടക്കേ ഇൻഡ്യയിലുള്ള ജനങ്ങൾ വസ്ത്രങ്ങൾ സാധാരണയായി അലക്കിയോ കഴുകിയോ ഉപയോഗിക്കുന്നവരല്ല. എന്നാൽ കേരളത്തിലെ, വിശേഷിച്ചും, നമ്മുടെ തിരുവിതാംകൂറിലെസ്ഥിതി അതല്ല. എത്ര പാവപ്പെട്ടവനും അന്നോടന്ന് വസ്ത്രങ്ങൾ കഴുകിയും സോപ്പിട്ടും മറും ശുഭ്രവസ്ത്രധാരികളായി നടക്കുന്നവരായിരിക്കും അവർ. പഞ്ചാബികൾക്കോ, ഉത്തരേൻഡ്യയിൽ മറെറ സ്ഥലങ്ങളിൽ ഉള്ളവർക്കോ ആവശ്യമുള്ളതിനേക്കാൾ കൂടുതൽ വസ്ത്രങ്ങൾ ഈ ഒറെറ കാരണംകൊണ്ടു കേരളത്തിലുള്ളവർക്ക അവശ്യം ആവശ്യമാണ്. എന്തെന്നാൽ സോപ്പിടുന്നതുകൊണ്ടും മറും വസ്ത്രം എളുപ്പത്തിൽ പഴകിയും കീറിയും നാശപ്പെട്ടുപോകും. അതിനാൽ ഇൻഡ്യാ ഗവണ്മെൻറു നമ്മോടുകാണിക്കുന്ന മഹാ വലിയ അനീതിയാണു നമുക്ക കൂടുതൽ കോട്ടാ അനുവദിച്ചതിരുന്നിരിക്കുന്നത്. കരാണ്ടിൽ ഒരാളിനു വടക്കേ ഇൻഡ്യയിൽ ഫ ൈ വാര തുണി കൊടുക്കുന്നുണ്ടെങ്കിൽ നമുക്കു ർ വാര തുണി തരേണ്ടതാണ്. ഇവിടത്തെ ആളുകളുടെ ജീവിതരീതി അതാണ്. തിരുവിതാംകൂറിലുള്ള ഫാക്ടറികളിൽ ജോലി ചെയ്യുന്ന വേലക്കാർ—സ്ത്രീയും പുരുഷനും എപ്പോഴും ശുഭ്രവസ്ത്രധാരിക

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib A. K. Bhaskar.]

ളായിരിക്കുന്നതു നമുക്കു കാണാൻ കഴിയും. ഇൻഡ്യയിൽ മറെറാരിടത്തും ഇതു വൃത്തിയായി വസ്ത്രം ധരിച്ചിരിക്കുന്ന വേലക്കാരെ കാണാൻ കഴിയുന്നതല്ല. അതുകൊണ്ടു നമുക്കു ഇൻഡ്യാ ഗവണ്മെൻറിൽനിന്നും കൂടുതൽ വസ്ത്രം ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അഡൈ്വസറി ബോർഡുകാർ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയാലും തുണി ആവശ്യത്തിനു നമുക്കു ലഭിക്കാതിരിക്കുന്നിടത്തോളംകാലം നമ്മുടെ പരാതിക്കു ഒരു പരിഹാരം അതു എളുപ്പമല്ല.

സെൻട്രൽ കമ്മിറ്റിയുടെ നിർദ്ദേശം ഉണ്ടായിരുന്നിട്ടും ശരിയായ വിധത്തിൽ താലൂക്കു കമ്മിറ്റികൾ രൂപീകരിക്കുകയോ അത്തരം കമ്മിറ്റികൾ മുഖേന തുണികൾ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാതിരിക്കുന്നതിൽ ഖേദിക്കേണ്ടിയിരിക്കുന്നു. താലൂക്കുകമ്മിറ്റി മുഖേന മാത്രമേ തുണിവിതരണം നടത്താവൂ എന്നു സെൻട്രൽ കമ്മിറ്റിക്കാർ തീരുമാനിച്ചിട്ട് മാസം ൪ കഴിഞ്ഞിരിക്കുന്നു. അതു് ഇതുവരെ പ്രയോഗത്തിൽ വരുത്തിയില്ലെന്നു മാത്രമല്ല, ഇപ്പോൾ ടെക്സ്റ്റയിൽ കമ്മീഷണർ അവർകൾ തന്നെ മുമതലയിൽ കച്ചവടക്കാരെ ഏർപ്പെടുത്തി തുണി വിതരണം ചെയ്യുന്നതാണെന്നു പരസ്യവും ചെയ്തിരിക്കുന്നു. ഇത്തരം പരസ്യങ്ങൾകൊണ്ടു ജനങ്ങൾക്കു യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. അവർക്കു കിട്ടുന്നതു ഒരാൾക്കു രണ്ടു വാര തുണിയെങ്കിലും ഓരോ കപ്പാർട്ടറിലും കിട്ടണം.

MR. T. K. GOPALAN NAIR: Does the honourable member know that such committees are being formed and that in Neyyattinkara and some other places they have already commenced work?

RAO SAHIB A. K. BHASKAR: തിരുവനന്തപുരത്തു ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട സെക്രട്ടറി അവർകൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അങ്ങിനെ ഒരു കമ്മിറ്റി ഉണ്ടായിരിക്കുവോ ആ കമ്മിറ്റി മുഖേന വിതരണം നടത്താതെ ടെക്സ്റ്റയിൽ കമ്മീഷണർ അവർകൾ മറെറാരുപ്രകാരത്തിൽ വിതരണം നടത്തുന്നതാണെന്നു പത്രത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ ഇടയായതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. താലൂക്കുകമ്മിറ്റിയുടെ പ്രത്യേകമേൽനോട്ടത്തിൽ വിതരണം നടത്തിയിട്ടും കച്ചവടക്കാരിൽ പലരും കൊള്ളരുതായ്മയും അഴിമതിയും നടത്തിയതായറിയാം. ആ സ്ഥിതിക്കു കച്ചവടക്കാരെ ഒരു നിയന്ത്രണത്തിനും വിധേയമല്ലാതെ സ്വതന്ത്രമായി വിട്ടാൽ കൂടുതൽ അഴിമതിക്കു കാരണമാകുമെന്നാണു് എനിക്കു് ഈ അവസരത്തിൽ അങ്ങയെ അറിയിക്കുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI : Sir, the adjournment motion relates to a recent order on the distribution of yarn. On that, I have only to say that the Textile Commissioner is cruelly equitable. He had adopted an 'equitable' method of distribution. But I would say that it is an absolutely cruel method because it is not practicable. I leave it at that.

Next, I wish to make some observations as to how the Central Advisory Committee functions.

PRESIDENT : What is the honourable member's suggestion? Mr. Pereira is cruelly equitable. But what is next to be done?

MR. P. S. NATARAJA PILLAI : Sir, the distribution ought to have been made on the basis of minimum quantity for each individual to wear. Now, as pointed out by the Secretary to Government, we had one lakh yards of cloth, and they were of thirty to forty varieties. Each house will have from two to twenty units on an average and it has been decided by this notification that all the varieties should be equally distributed to each cardholder. A little bit of imagination would have enabled the Commissioner to come to the conclusion that it is not a practical proposition. We have one lakh yards of cloth and we have to distribute it to three lakhs of units. So, they decided that one-third of a yard may be distributed to each unit. That is equitable, but not a practicable or a feasible scheme. On the other hand, the distribution ought to have been made on the basis of the number of adults. There are *sarees* of six yards in length, which could not be cut and there are other varieties which could not be cut to a size below three yards, if they are to be used. Therefore, person has to use his discretion in these things. Even in the case of food grains, I have my own view, that any quantity of grain which is not enough to meet one's need is a waste. In the case of textiles this is an absolute waste. That was why the Central Committee decided that three yards may be given to each adult. According to the custom in Travancore, two yards will be sufficient for wear and one yard for upper cloth. Therefore, the Central Advisory Committee, after mature consideration, decided that for each adult and for every single distribution not more than three yards should be distributed. Suppose there are five adults in a house; in order that they may not monopolise, it was decided that for each distribution they should curtail the quantity to six yards. There are practical adjustments which have to made before any distribution of this kind is resorted to. Therefore, I say that it is an unjustifiable kind of distribution that has been done. I leave it at that.

Then, I will bring to the notice of the honourable members and the Government, how this Central Advisory Committee is functioning. The fault does not lie with the Textile Commissioner. It lies with the Government. The Textile Commissioner has now written a letter to one of the presidents of the Taluk Committees saying that the resolution passed by the Central Advisory Committee requiring the authority to purchase to be sent to the merchants through the Committees, has not been approved by the Government. That was one of the letter addressed by him to one of the presidents

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai]

of the Taluk Committees. The Central Committee passed a resolution that all the authorities to the merchants should be forwarded to the presidents of the Taluk Committees, and that they would make specific arrangement for the distribution thereafter.

RAO SAHIB A. K. BHASKAR: Is the honourable member aware that that was the practice which prevailed before?

MR. P. S. NATARAJA PILLAI: Yes. That was the practice and today that practice is no more followed. The authority is sent to the merchants direct. One after another, the presidents of the Taluk Committees are writing to the Textile Commissioner asking how the Taluk Committee could exercise supervision when they do things behind their back. He wrote to say that he was not going to implement the resolution since it was not approved by the Government. I happen to be the President of one of the Taluk Committees and I wrote back to say that the Taluk Committee does not held itself responsible for the distribution in the present state of affairs.

Another instance to which I want to refer to is about a resolution passed by the Advisory Committee, relating to the registry of looms. A notification was published in last Mithunam in the Gazette calling on the looms owners to register themselves. Yarn was directed to be distributed only to those looms that have been registered. The Textile Advisory Committee, by an unanimous resolution decided for a re-registration of the looms and it was sent to Government. That was resolution passed two or three months ago. It was forwarded to the Government. It is still pending, I think, with the Government.

PRESIDENT: Did any such matter come before the Government at all?

MR. T. K. GOPALAN NAIR: There was a recommendation from the Textile Commissioner that in cases where looms have not been registered within the proper time, which was specified in a notification in *bona fide* cases where the looms existed previously, they should be registered as well. But, otherwise, it has not been brought to the notice of the Government. Now, they want those looms also to be registered and Government have asked the Textile Commissioner whether it is possible.

PRESIDENT: No. Mr. Nataraja Pillai says that as thePresident of the Taluk Committee, he addressed a letter to the Textile Commissioner and that the Textile Commissioner's reply was that the matter had been pending before the Government and that he was not taking advantage of the alternative made in the rule or procedure. What is the point?

MR. P. S. NATARAJA PILLAI: Sir, the resolution passed by the Central Advisory Committee was not accepted by the Government.

MR. T. K. GOPALAN NAIR: Does that relate to the looms?

MR. P. S. NATARAJA PILLAI: No, it is with regard to the authority issued to merchants.

LIBRARY ARCHIVES Kerala Legislative Assembly

MR. T. K. GOPALAN NAIR : There were some complaints from the merchants that when the authorities were sent to the Taluk Committees there was some delay.

PRESIDENT : I do not remember having dealt with such a matter. That is why I am asking you now.

MR. P. S. NATARAJA PILLAI : Sir, a resolution passed by the Committee to send the authority for merchants to purchase the cloth, through the Taluk Committees. That was not accepted by the Government. And the authority is now being sent to the merchants direct. I shall forward the relevant papers to you. It is definitely stated that the Government have not accepted the resolution passed by the Central Advisory Committee, on this matter.

MR. E. K. MADHAVAN : Did not the previous Commissioner inform the Central Committee that it had been accepted by the Government and that he had acted accordingly.

MR. T. K. GOPALAN NAIR : , So, there is no question.

PRESIDENT : The honourable member has stated that the resolution has not been accepted by the Government. It is not the policy of the Government to over-rule the decisions of these special Committees. When the Government have constituted an Advisory Committee, it is essential that that committee should have the confidence that their decisions will be accepted by the Government. If any resolution had not been accepted, Government should issue a notification or order showing their reasons for over-ruling it.

MR. P. S. NATARAJA PILLAI : That is exactly what I say. There is no use in keeping the matter secret.

Then, about the Taluk Committees. There was the question of dealing with it in another way. The Central Advisory Committee decided that it should be reconstituted. Some of them may be working properly, some may not. If the Government want the co-operation of the people, then they must depend on the Taluk Committees. So, the Central Advisory Committee thought that it would be better to reconstitute the Committee on a nomination basis. That recommendation is pending before the Government. Nothing has been done by the Textile Commissioner.

MR. T. K. GOPALAN NAIR : It has deen accepted by the Government. The question of reconstitution has been admitted by the Government and action is being taken. Some of the Taluk Committees are being reconstituted on those lines.

MR. P. S. NATARAJA PILLAI : But so far as I know, they have not been implemented. That is my case.

MR. K. BALAKRISHNA MENON : Sir, in supporting the motion, I have to point out two things. The recent order of the Textile Commissioner issued to the merchants, is incomprehensible and fantastic. A cardholder who has got four units is entitled to get one and a quarter yards. And everybody knows that it will not be very useful to him.

Regarding the Taluk Committees, the Secretary to Government was referring to the fact that the merchants had complained that

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Balakrishna Menon]

the authorities sent to the President of the Committees were not forwarded to them in time. I am sure, if any complaint had been brought forward by the merchants it was only for their selfish interests. I know it for certain that every one of the Presidents of the Taluk Committees had been elected from the people and as far as I know in the Committee in which I am included there was no single day's delay in issuing authorities to the merchants. If the Textile Commissioner has issued orders to the merchants to distribute cloth, behind our backs, there is no use in having these namesake Committees in every Taluk and Central Committee functioning at the centre. If the Textile Commissioner is not going to consider the advice of the Committee, I do not see why this show should be kept up. I think it is better to do away with these Committees if the suggestions of the Committees are not implimented by the Textile Commissioner.

Now, before concluding, I will make a few remarks concerning the Taluk Committee of Kunnathnad. The other day, my honourable friend Mr. Madhavan brought to the notice of the Government certain facts relating to a meeting of the Committee held in the Taluk Office on 20-11-1121 at Perumbavoor. The notice for that meeting is seen to have been written on the 20-11-1121 and the cover was actually posted on 20-11-1121 at the Perumbavoor Anchal Office. I got it at midnight. I wrote to the Tahsildar about these and I am sorry to say that though it is now two months since I have written, I have not so far received any reply either from the Textile Commissioner or from the Tahsildar of the Taluk. This kind of behaviour on the part of the Textile Commissioner and the Tahsildar only shows that they do not want popular support.

MR. E. K. MADHAVAN: Was there any meeting held afterwards?

MR. K. BALAKRISHNA MENON: I understand that there was a meeting held afterwards and I was not present. But the Tahsildar said that it was only a clerical mistake. I do not know how a letter written in a Government Office happened to take such a long time to reach me. The meeting was to take place at 2'o clock on the 21st. Anyway, the letter informing the Textile Commissioner about the matter remains unanswered for last two months. Therefore the co-operation of the public is necessary for the distribution of textiles.

Sir, I would suggest one more thing. In certain places 3,000 cards have been issued for cloth distribution. I suggest that it may be carried on a rotation basis. One thousand cards may be taken up in one month. The next thousand cards may be taken up in the next month. If this system is adopted every people will be able to obtain cloth and the rush and crush in the shops will be diminished. I suppose the Government may consider this matter.

MR. J. E. A. PEREIRA (*Commercial and Industry South*): Sir, I have to make a few observations, on behalf of the mercantile community, whose interest I represent here in this connection. There

LIBRARY ARCHIVES Kerala Legislative Assembly

is a lot of discontentment in the matter of distribution of textiles. I was very glad to hear that the Textile Commissioner has never overlooked the decisions of the Advisory Committee and this helped a great deal towards the successful working of the Scheme. The success of the distribution depends much if not purely, on the personnel of the Committee. What I mean is that Government should take care to include those who have initiated, and who are well acquainted with the scheme, into the Committees. For this purpose merchants are the best qualified.

MR. P. S. MOHAMED: ജുള്ളിക്കച്ചവടക്കാർ ധാരാളം പേർ കമ്മി റിയിലില്ല?

MR. J. E. A. PERIERA: I will come to the point. Please listen to what I say. I had made a representation to the Dewan President last year about the insufficient representation of merchants. I was referring to the then Textile Commissioner Mr. Arumughom Pillai that a large number of merchants may be entrusted with the distribution work. We feel Sir, that the representation given to the merchants is inadequate both in central Travancore and in other localities.

Sir, I understand that the distribution of yarn is made in a haphazard manner. This would not have happened if there are people who are well acquainted with the proper method of distribution. I do not know whether the Advisory Committee is doing this purposely or purely on account of the ignorance of the technicalities. Sir, cloth is as essential as food and I plead very strongly that some improvement may be brought in. I also urge that the Advisory Board may follow the system adopted in Bombay and Madras in the matter.

Coming to the present quota, I may submit that it is absolutely insufficient. Supply of one third of a yard per unit is too little for the need of the public. What I would suggest is that the minimum requirement be augmented or increased according to circumstances.

The other day Mr. Sulaiman Sait made a statement that merchants had been called upon to pay for their allotment and before they received the textile they were asked to pay for the second allotment. Thus they are receiving the second allotment before the distribution of first allotment takes place. There I fail to understand whether there is any inadequacy. I would like this matter clarified by the Government. With these words I stop.

MR. V. SRIDHARAN PILLAI (*Kalkulam* cum *Vilavancode*): Sir, it is very easy to criticise the distribution problem, and I shall suggest a few methods. First of all I desire to give certain concrete suggestions to remedy evils that are existing at present. Now there are too many agencies of distribution in every taluk for food meterials. The Tahsildar with an Assistant is doing the work in each taluk. The supply through ration card has been introduced and every man

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Sreedharan Pillai]

can get his quota. Sir, cloth is equally important as food and every member of a family requires it. Though there is the Textile Committee or the Central Advisory Committee there has not been issued a single card for cloth. It has been stated sometime ago that separate cards are going to be issued for textiles. Sir, now the whole responsibility has been thrown on one individual to see that the 65 lakhs of people are provided with cloth. My suggestion is that this responsibility should be divided into small units so as to facilitate the distribution so that even a villager can get his allotment. The Central Advisory Board may control all the Taluk Committees. As far as possible, Committees should be immediately formed in every taluk. The burden of the Taluks may be lessened by giving a certain portion to the Municipalities and Village Unions. Each Pakuthy in a Taluk should form Sub-Committee to assist the Taluk Committees. Municipal Authorities if they are entrusted with a limited quantity will satisfactorily distribute it to the citizens within their jurisdiction and they will be able to keep accounts. At present they are entrusted with the distribution work of Kerosene oil and sugar, and this is ample proof that they can be successful in the case of textiles also.

MR. E. K. MADHAVAN: May I know whether the member is aware that the Central Advisory Committee has recommended the formation of separate committees for Municipalities?

MR. V. SREEDHARAN PILLAI: Yes, I am aware. But there are 17 or 18 important Municipalities and only four of them have been included. Most of these Municipalities are controlled by Commissioners. But the Central Advisory Committee has not included even those that have Commissioners.

MR. C. S. LEKSHMANA AIYAR: Is the honourable member aware that persons are selected as member of committees even from other minor Municipalities?

MR. V. SREEDHARAN PILLAI: Yes, Sir, I am aware. It is not sufficient. 21 members of Taluks are sitting together and deciding matters. But there must be practical working as far as distribution is concerned. At present nobody is taking responsibility. When a Municipality is given the task of distribution the Commissioner will see whether it is properly carried out and the Taluk Committee will supervise it.

PRESIDENT: Honourable member may finish quickly.

MR. V. SREEDHARAN PILLAI: Another thing I have to say is about the distribution of shops. In every town there are four or five shops. As soon as the quota is allotted there is a huge crowd robberies take place. If some old and weak man happens to be among them he can never escape without serious injuries. This is actually what is being experienced. In order to avoid this, shops may be re-alloted. Every Pakuthy should constitute Sub-Committees for the supervision of equitable distribution of cloth.

LIBRARY ARCHIVES Kerala Legislative Assembly

MR. P. KARUNAKARA TANDAR (*Ambalapuzha* cum *sherthalai*): സർ, നഗ്നത മറയ്ക്കുന്ന കാര്യത്തിൽ നാട്ടിൻപുറങ്ങളിൽ താമസിക്കുന്ന ആളുകൾ അനുഭവിക്കുന്ന വൈഷമ്യങ്ങളെക്കുറിച്ച് എന്റെ ഒരു സ്നേഹിതൻ അയച്ച ഒരു കത്തു് ഇന്ന് ഉച്ചക്ക് എനിക്കു കിട്ടി. അതിൽ വിവരിക്കുന്ന സംഗതികൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നു പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് അതിലെ ചില ഭാഗങ്ങൾ ഞാൻ ഇവിടെ വായിക്കണമെന്നു വിചാരിക്കുന്നു.

"വ ൪ ൦ ൦-ൽ പരം വിട്ടുകളുള്ള വടക്കനായ്ക്കാട്ട്, തെക്കനായ്ക്കാട്ട് എന്നീ പകുതികളിലെ ജനങ്ങൾക്കു കഴിഞ്ഞ നാലുമാസങ്ങളായി നൂറ്റ൦ ൦ വാര കോട്ടാത്തുണിയാണു് അനുവദിച്ചു കിട്ടിയിട്ടുള്ളതു്. വലിയ സ്വാധീനശക്തിയുള്ള പട്ടണങ്ങളിലെ വൻകച്ചവടക്കാർക്കു സ്ഥിരമായകോട്ട അനുവദിച്ചുകിട്ടുന്നു. നാട്ടിൻപുറങ്ങളിൽനിന്നു, ജോലിയുമുപേക്ഷിച്ച് എട്ടുംപത്തും മൈൽ കാൽനടയായി പട്ടണങ്ങളിൽ ചെന്നാലും സമയം മാറിയാതെയും അരിതിരക്കുകൊണ്ടും തുണികിട്ടാൻ സാദ്ധ്യമല്ല. കടയുടെ കാര്യം ഇതിലും പരിതാപകരമാണു്. അതുകൊണ്ടു് ഓരോ പകുതികളിലും കിട്ടേണ്ട തുണിയും കടയും അതാതു പകുതികളിലുള്ള മൊത്തക്കച്ചവടക്കാർ മുഖാന്തരം വിതരണം ചെയ്യുകയും ഓരോ കാഡുകാർക്കും കിട്ടത്തക്ക വിധത്തിൽ വേണ്ട വ്യവസ്ഥ ചെയ്യുകയും ചെയ്യണം. വിതരണം സംബന്ധിച്ചു രജിസ്റ്റർ അതാതു സ്ഥലത്തുള്ള ജനകീയസംഘടനകളുടെ സാക്ഷിപ്പെടുത്തൽമൂലം നടത്താനും വേണ്ട ഏർപ്പാടു് ചെയ്യണം".

ഈ സംഗതികൾ ബഹുമാനപ്പെട്ട പ്രസിഡൻറ് അവർകളുടേയും സഭയുടേയും മുമ്പിൽ വയ്ക്കുകയും നാട്ടുകാർക്ക് ഈ മാതിരി വൈഷമ്യങ്ങൾ മേലാലെങ്കിലും അനുഭവിക്കാത്ത രീതിയിൽ വിതരണസമ്പ്രദായം നടപ്പിലാക്കുന്നതിന് അതിൽ ഏർപ്പെട്ടിരിക്കുന്നവർ ശ്രദ്ധിക്കണമെന്നപേക്ഷിക്കയും ചെയ്തുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. J. T. MORAES: Sir, the basis of this Resolution is the recent publication by the Textile Commissioner of an order regarding the distribution of textiles in the State. On the face of one third of a yard per unit appears to be absurd. But I don't think that it is so absurd as it appears, because on an average, a ration card in Travancore contains at least ten units and a ration card holder can get at least 3 yards of cloth and that is about what is now being allotted to Travancore on a *per capita* basis per month.

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. T. Moraes.]

The real solution of the shortage of cloth lies in the control of handloom cloth. As the Control Section Secretary has stated we have got about 1,500 bales of yarn coming into Travancore. I very much regret to state that, a major portion of this yarn disappears into the black market. All the efforts of the Central Advisory Committee and the Taluk Committee are in vain as far as this black marketing is concerned. What really happens is this. All the weavers buy their quota of yarn. They say that they are not getting sufficient quantities to run a loom and therefore a good number sell them in the blackmarket.

MR A. K. BHASKAR: Is the honourable member aware that weavers buy in the black market just to provide employment?

MR. J. T. MORAES: A number of weavers sell and some others buy. That is what is going on. As long as the handloom weavers buy yarn in the black market they cannot sell their products at a low price. They are bound to continue black market openly. As long as the high price exists in the case of handlooms there will be much difficulty in obtaining cloth at normal prices. Therefore, the solution in my opinion is to enforce control of handloom cloth and to try to get as much cloth as possible from British India.

Of course the present order causes much hardship but it would be easily changed. It is only an honest attempt made to solve several difficulties that have been presenting themselves in the State so as to avoid the rush in the shops when quotas are released. It reminds me of the rush in bus stands before the Queue system was adopted. No respectable person could go and get into the shop because it is not possible to get into the crowd.

The present system of dividing the city into so many wards and then fixing the days in which these groups of card holders can go and buy the cloth, is a very good system and the Textile Commissioner deserves to be congratulated. But of course, as I have said before, one third of a yard per unit..... (President's Bell.)

MR. P. S. MOHAMED: സർ, ഞാൻ ഒരുസംഗതിമാത്രം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. കുറേയധികം മരണത്തിനു മുൻപുള്ള സംഗതിയെപ്പറ്റിയല്ല, മരിച്ചുകഴിഞ്ഞാൽ കുഴിച്ചിടുന്നതിനു് ഏതുരീതിയിൽ തുണികിട്ടുമെന്നുള്ളതിനെക്കുറിച്ചാണു്. മരിച്ചാൽ കുഴിച്ചിടുന്നതിനു് പള്ളിയിൽ കൊണ്ടുപോകാതെ സാധിക്കുകയില്ല. അതുകൊണ്ടു് പള്ളിയിലെ കത്തീഫു് അറിയാതെ ശവം കുഴിച്ചിടാൻ സാദ്ധ്യമല്ല. അവിടെ അതിനു ഒരു അധികാരി ഉണ്ടായിരിക്കും. അല്ലേഹത്തിന്റെ സർട്ടിഫിക്കറു കൊണ്ടുവരുന്നവർക്കു് ഇന്ന

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തിനുള്ള തുണി കൊടുക്കാൻ വ്യവസ്ഥ ചെയ്യണം. ഇങ്ങനെ വ്യവസ്ഥ ചെയ്യുന്നത് കൊല്ലത്തും കോട്ടയത്തും മറ്റും ഇരിക്കുന്ന ടെക്സ്റ്റയിൽ ഇൻസ്പെക്ടർമാർ മുഖേന ആയാൽ സാധിക്കയില്ല. അതാതു സ്ഥലത്തുള്ള കച്ചവടക്കാരെയോ അല്ലാത്തപക്ഷം താലൂക്ക് കമ്മറ്റി പ്രസിഡണ്ടന്മാരെയോ പ്രത്യേകം ചുമതലപ്പെടുത്തുന്നതായിരിക്കും നല്ലത്. ഏതായാലും യോഗ്യതയുള്ള ഒരാളെ ഈ ജോലിക്കു ചുമതലപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം.

MR. K. R NARAYANAN : സർ, എനിക്കു പറയുവാനുള്ളത് ഒറ്റ വാചകത്തിൽ സംഗ്രഹിക്കാം, അതായത് സെൻട്രൽ കമ്മറ്റിയുടെ ശുപാർശ കേരളത്തിനു കിട്ടുക, താലൂക്കുകമ്മറ്റികളും വില്ലേജ് കമ്മറ്റികളും ശരിയാക്കുക, മണ്ണെണ്ണയും പഞ്ചസാരയുടും കൊടുത്തിട്ടുള്ളതുപോലെ കാർഡുസിസ്റ്റം അനുസരിച്ചു തുണികൾ വിതരണം ചെയ്യുക, സ്പെഷ്യൽ ചാർജുകൾ മിതമായതോതിൽ മാത്രം വിതരണം ചെയ്യുക, കൈത്തറിവസ്ത്രങ്ങളുടെ വില നിയന്ത്രിക്കുക, അടിയന്തിരാവശ്യങ്ങൾക്ക് ഉടനടി വസ്ത്രങ്ങൾ വിതരണം ചെയ്യുന്നതിന് ഏർപ്പാടു ചെയ്യുക, ഇതുകൾ കാര്യങ്ങൾ സാമാന്യമായി നിർവഹിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്താൽ മാത്രം മതിയാകുന്നതാണ്.

ക്രോതെ നിതിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ മാനമായും മര്യാദയായും പെരുമാറത്തക്കവണ്ണം വേണ്ട നിർദ്ദേശങ്ങൾ കൊടുക്കണമെന്നും അപേക്ഷിക്കുന്നു. ഇങ്ങനെ ഞാൻ പറയുന്നതിനു പ്രത്യേകകാരണമുണ്ട്. സർ, കഴിഞ്ഞ മിഥുനമാസം ഫർ-ാന്നു- വൈക്കത്തു ചെമ്പുപകുതിയിലുള്ള ഒരു വീട്ടിൽ ഒരു കല്യാണം ഉണ്ടായിരുന്നു. അതിനു് ആവശ്യമുള്ള തുണികൾ കിട്ടുന്നതിനുവേണ്ടി വൈക്കം താലൂക്കുകമ്മറ്റി പ്രസിഡൻറായ മി. വേലപ്പൻനായർ റക്കമൻറുചെയ്തു് ഒരു അപേക്ഷ കോട്ടയത്തയച്ചു. മറുപടിക്കുള്ള സ്റ്റാമ്പും ഈ അപേക്ഷയോടുകൂടി അയച്ചിട്ടുണ്ടായിരുന്നു. കല്യാണത്തിനു് എട്ടുപത്തു ദിവസംമുൻപാണ് ഈ അപേക്ഷ അയച്ചതു്. കല്യാണം കഴിഞ്ഞു് രണ്ടുദിവസം കഴിഞ്ഞപ്പോൾ സ്ഥലം പാർവത്യകാരുടെ സർട്ടിഫിക്കറോടുകൂടി അപേക്ഷിച്ചാൽ മാത്രമേ തുണി തരുവാൻനിവൃത്തിയുള്ളു എന്നു വിവരിച്ചുകൊണ്ടു് ഒരു മറുപടികിട്ടി. വൈക്കം താലൂക്കു ടെക്സ്റ്റയിൽ കമ്മറ്റിപ്രസിഡൻറു്, അവിടത്തെ മുൻസിപ്പൽ ചെയർമാൻ, നിയമസഭയിലെ ഒരു സാമാജികൻ എന്നീ വ്യവധനിലയിൽ സ്ഥാനവലിപ്പമുള്ള ഒരാളായ

LIBRARY ARCHIVES Kerala Legislative Assembly

മി. വേലപ്പൻനായർ സർട്ടിഫൈചെയ്യാൽപോരാ, കേവലം ഒരു പാർപ്പുത്യക്കാരുടെ സർട്ടിഫിക്കറുതന്നെ വേണമെന്ന ടെക സ്റ്റയിൽ ഇൻസ്പെക്ടർ ശഠിക്കുന്നതു് എത്ര അസ്ഥാനത്തുള്ളതാണെന്നു് പ്രത്യക്ഷത്തിൽ കാണാൻ സാധിക്കും.

MR. E. K. MADHAVAN : ഇതൊന്നും കൂടാതെതന്നെ അദ്ദേഹം പല ക്കും തുണി കൊടുത്തുവരുന്നുണ്ടെന്നു മെമ്പർക്കറിയാമോ?

MR. K. R. NARAYANAN : അറിയാം. ഉത്തരവാദിത്വമുള്ള ആളു കൾ റക്കമെൻറുചെയ്യാൽ അനുവദിക്കയില്ല. ഒരു എം. എൽ. എ.-യുടെ അല്ലെങ്കിൽ ഒരു മുനിസിപ്പൽ ചെയർമാന്റെ സർട്ടിഫിക്കറിനേക്കാൾ ഒരു പാർപ്പുകാരുടെ സർട്ടിഫിക്കറിനു മുൻഗണന നൽകുന്ന ഈ മനഃസ്ഥിതി ഉദ്യോഗസ്ഥന്മാരിൽനിന്നും നീക്കം ചെയ്യേണ്ടതാണു്. കാർഡു വിതരണത്തിനുവേണ്ട ഏർപ്പാടുകൾക്രമീകരിച്ചതിന്റെ സത്വരശ്രദ്ധ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. V. I. IDICULA : സർ, ഇന്നത്തെ നിലയ്ക്കു നാം എത്രതന്നെ ശ്രമിച്ചാലും, തുണിവിതരണകാര്യത്തിൽ ഈ രാജ്യത്തെ ജനങ്ങളെ തൃപ്തിപ്പെടുത്താൻ ഇപ്പോൾ സാദ്ധ്യമല്ല. അതുകൊണ്ടു് കൂടുതൽ തുണി ഇവിടെ വരുത്തുന്നതിനു് ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കുകയാണു വേണ്ടതു്. തുണിവരുത്തിയാൽ ഓരോസ്ഥലത്തേയ്ക്കും ആവശ്യമുള്ള ജാതി തുണികൾ അതാതു സ്ഥലത്തേയ്ക്കു് അയച്ചുകൊടുക്കുന്ന കാര്യത്തിൽ ടെക്സ്റ്റയിൽ കമ്മീഷണർ അവർകൾ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. ചില നാട്ടിൽ വേണ്ടാത്ത തുണികൾ ആ നാട്ടിൽ അയയ്ക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. താലൂക്കുകമ്മറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായ വിധത്തിൽ നടത്താൻ പരിശ്രമിക്കുമെങ്കിൽ, ഭംഗിയായ രീതിയിൽ തുണി വിതരണം ചെയ്യാൻ കഴിയുമെന്നാണു് എന്റെ വിശ്വാസം. കൂടാതെ കൈത്തറിതുണികൾക്കുകൂടി കൺട്രോൾ ചെയ്യണമെന്നു് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. T. K. GOPALAN NAIR : Sir, I oppose the motion. I would point out a few facts just to explain the whole situation before I say why such a system was sought to be introduced at the present moment. It is well known that the quantity allotted as per the All-India scheme of distribution which was originally 12 yards of cloth per head per year was later on, from 1-6-1946, reduced to 10·8 yds. per head, is not at all sufficient. As I have already indicated, out of this allotment, half the quantity has been given as yarn and half in terms of mill cloth.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: That was at our request.

MR. T. K. GOPALAN NAIR: There has been a lot of complaints that yarn is going to the black market and they wanted the mills to be registered and so on. Now there are 47,000 and odd registered hand-looms in the State. If you want a fair distribution, it can only depend upon the population as well as the quantity of cloth available for distribution.

MR. K. BALAKRISHNA MENON: What is the objection to the rotation system?

MR. T. K. GOPALAN NAIR: If the quantity that has to be distributed is only very small, it is not possible to give a fixed quantity of 3 or 4 yards per unit. As Mr. Nataraja Pillai pointed out, what the Textile Commissioner tried to do was cruel justice. The idea of the present notice is to find out some experiment to see how an equitable distribution can be made. There are some people who have got the physical might to rush to the shops and snatch away 3 or 6 yards of cloth at a time which is the quota allotted to them for the whole year. Hundreds and thousands of people go away without getting even a yard of cloth for themselves. That is the reason why it was thought that there should be a more equitable distribution of cloth. In the distribution of quota of mill cloth in Trivandrum, what is stated in the notice itself is this. A quantity of 1/3 yard is allotted per unit. As was pointed out before, there are one lakh yards of cloth and 3 lakhs and odd units to be distributed. That means that 1 unit can get only 1/3 yard. Separate arrangements are being made for the supply of cloth to people who have no ration cards, students of colleges, members of the State Forces and people who have no ration cards because they have their own paddy. Cloth is now being distributed on the basis of ration cards for food supplies. Those who do not possess ration cards because they have their own paddy should also be given cloth. It was suggested here that ration cards are got from the poor people and that they do not get their quota. It is to avoid all these things that this arrangement has been made.

Another point is this. In the City there are 3 or 4 wholesale merchants and there are 48 retail merchants who have got a quota of cloth worth Rs. 800. According to the former practice people use to rush to the wholesale merchants and they would never go and get their quota of cloth from unimportant retailers. So that cloth with the retailers very often went into the black market. Hence the idea of the present notice was to give an equitable distribution to each and every individual. It was notified to the public that they might go to a particular shop on a particular day and so on. That is the idea with which this notice has been published. That will be clear from the notice itself. The first column indicates the name of

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Gopalan Nair.]

the ward, the second the name of the merchant from whom cloth has to be bought, and the third column indicates the date of the distribution. All these things are specified in the notice itself. Now this notice will give the public a fair idea of all the shops available, where they can go, when they should go, which is the particular merchant with whom they should contact and so on.

Most of the criticisms have been levelled against the quantity that has been allotted. As pointed out by the honourable member Mr. Morais, on the face of it, the notice may look ridiculous, 1/3 yard per unit. But on an average every card holder may have 15 or 20 units. When calculated on this basis it may not be a great hardship.

MR. E. K. MADHAVAN: Take the case of a man who lives with his only servant. What will be his fate?

MR. T. K. GOPALAN NAIR: At present he may get only a small quantity. This applies only to the present quota. But what about the distribution at the next time when the quota will be increased?

MR. E. K. MADHAVAN: With one-third of cloth will a man be able to use it either for shirting or clothing?

MR. T. K. GOPALAN NAIR: He may reserve it and get the rest at the next quota.

MR. E. K. MADHAVAN: How can he use 1/3 yard of cloth as clothing?

MR. T. K. GOPALAN NAIR: He can use it for a blouse or shirting for this consignment and wait for the Onam or Ramzon consignment.

MR. P. S. NATARAJA PILLAI: Is the honourable member aware that a good lot of yarn imported is being manufactured as window curtains and canvas?

MR. T. K. GOPALAN NAIR: According to our agreement with the Provincial Governments, we are permitted to send 100 bales of hand-loom cloth outside Travancore. It is to encourage the hand-loom industry in Travancore that we get a portion of the quota as yarn from Madras.

MR. P. S. NATARAJA PILLAI: Is it the case that we manufacture hundreds of bales of window curtains and canvas. A good lot of yarn imported into Travancore is being used for purposes other than wearing cloth.

MR. T. K. GOPALAN NAIR: They made rules with regard to the export of the mull.

MR. P. S. NATARAJA PILLAI: I am asking about the manufacture in the country. Hand-looms are using a good lot of yarn for the manufacture of window curtains, shawls and canvas.

LIBRARY ARCHIVES Kerala Legislative Assembly

MR. T. K. GOPALAN NAIR : Yarn is given in lieu of cloth.

MR. C. S. LAKSHMANA IYER : Is the honourable member aware that the total number of bales which are supplied to agencies who manufacture table cloth and other things is only 15 or 20 bales out of a total of 100 bales.

MR. T. K. GOPALAN NAIR : Yes.

MR. M. K. NILACANTAN : ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ, കാർഡ് ഉടമസ്ഥന്മാർ ഈ പ്രാവശ്യം തുണി വാങ്ങാതെയിരിക്കുകയാണെങ്കിൽ ആ അംശം ബ്ലാക്കുമാർക്കറ്റിൽ പോകാനിടയുണ്ടോ?

MR. T. K. GOPALAN NAIR : തിരുവനന്തപുരം ടൗണിൽ മാത്രം തൽക്കാലം നടത്തുന്ന പദ്ധതിയാണ് ഇത്. അതുകൊണ്ട് ബ്ലാക്ക് മാർക്കറ്റ് നടക്കാൻ ഇടയില്ല.

PRESIDENT : The time for the debate having ended the House will now adjourn to meet again tomorrow at 11 A. M.

The House adjourned at 5-30 P. M.

S. VAIDYANATHA AIYAR,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly